# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

*കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് ചുമതലപ്പെടുത്തിയത്*

## *ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ*

*ഫെബ്രുവരി 14, 2024*

***അർത്ഥനാധികാരി***

എക്സിക്യൂട്ടിവ്
എഞ്ചിനീയർ
കെ.ആർ.എഫ്.ബി.
-പി.എം.യു
ആലപ്പുഴ

***ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ***

സ്പെഷ്യൽ തഹസിൽദാർ
(എൽ.എ.) കിഫ്ബി
കായംകുളം
ആലപ്പുഴ

***സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്***

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ -683104
ഫോൺ: 0484 2911330-332/2550785

outreach@rajagiri.edu
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.3.2.ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ തരം

1.5.1.പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

1.5.2. പദ്ധതിബാധിതമാകുന്ന വിടുകൾ

3.1.1. പഠന സംഘം

3.5.1. പഠനവുമായ് ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

4.8.1. ഉടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമിയുടെ ഏകദേശ അളവ്

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ

5.6.2. പദ്ധതിബാധിതമാകുന്ന ഭൂമിയിലെ പ്രത്യേക വസ്തുക്കൾ

6.1.1. പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ

7.6.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

**ചിത്രം**

4.1.1. ഫേസ് 2 പദ്ധതിപ്രദേശത്തിൻെറ ഗൂഗിൾ മാപ്പ്

4.1.2. ഫേസ് 3 പദ്ധതിപ്രദേശത്തിൻെറ ഗൂഗിൾ മാപ്പ്

4.1.3. ഫേസ് 4 പദ്ധതിപ്രദേശത്തിൻെറ ഗൂഗിൾ മാപ്പ്

4.7.1. ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം

6.1.1. പദ്ധതിബാധിത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളുടെ സ്ത്രീപുരുഷ അനുപാതം

6.2.1. പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡ്

6.2.2. പദ്ധതിബാധിത കുടുംബങ്ങളുടെ പ്രാഥമിക ജീവനോപാധി

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധിക്ക് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണ്. ഗതാഗതം, ഊർജം, ആശയവിനിമയ സംവിധാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കാലാനുസൃതമായി നവീകൃതമാക്കുന്നതിലൂടെ ജീവിതനിലവാരം പ്രത്യക്ഷമായി ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, എന്നിവ ഉൾപ്പടെയുള്ള സാമൂഹിക അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിന് വഴിതെളിയും. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ റോഡുകൾ, പാലങ്ങൾ, റെയിലുകൾ എന്നിവ ഉൾപ്പടെയുള്ള ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നത് രാജ്യത്തിൻെറ അഭിവൃദ്ധിയിലേക്കുള്ള ഒരു ചുവട് വെയ്പ്പായിരിക്കും.

കേരളത്തിലെ വേഗത്തിൽ വികസനം നടന്നുകൊണ്ടിരിക്കുന്ന പട്ടണങ്ങളിൽ ഒന്നാണ് ചെങ്ങന്നൂർ. കേരളത്തിലെ സുപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്ക് പോകുന്ന തീർത്ഥാടകർ ചെങ്ങന്നൂരിൽ ട്രെയിൻ ഇറങ്ങിയാണ് പോകുന്നത്. ചെങ്ങന്നൂർ പട്ടണത്തിലും എം.സി.റോഡിലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗത തിരക്ക് കുറച്ച് ചെങ്ങന്നൂർ പട്ടണത്തിലെയും എം.സി.റോഡിലെയും ഗതാഗതം സുഗമവും സുരക്ഷിതവുമാക്കുന്നതിന് ചെങ്ങന്നൂർ ബൈപ്പാസ് റിങ്ങ് റോഡ് നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാന പാത 10 ന് സമാന്തരമായി ഒരു റിങ്ങ് റോഡായി ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മിച്ചുകൊണ്ട് സംസ്ഥാനപാതയ്ക്ക് കാര്യക്ഷമമായ ഒരു കണക്റ്റിവിറ്റി നൽകിക്കൊണ്ട് തടസമില്ലാത്ത സുഗമമായ ഗതാഗതം പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി നിലവിൽ വരുന്നതോടെ ചെങ്ങന്നൂർ ടൗണിലൂടെയുള്ള ഗതാഗത സമയം 15 മിനിറ്റെങ്കിലും കുറയ്ക്കുവാനാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ചെങ്ങന്നൂർ പട്ടണത്തിലേക്ക് എല്ലാഭാഗത്തു നിന്നുമുള്ള വാഹനങ്ങൾ പ്രവേശിക്കുന്നതുമൂലം ചെങ്ങന്നൂർ പട്ടണത്തിൽ നിലവിൽ അനുഭവപ്പെടുന്ന വാഹന പെരുപ്പവും, അന്തരീക്ഷ

മലിനീകരണവും ഗതാഗത തടസവും തന്മൂലമുണ്ടാകുന്ന യാത്രാസമയ നഷ്ടവും കുറയ്ക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

## 1.2. പദ്ധതി പ്രദേശം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട ചെങ്ങന്നൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 7 & 8 ൽ നിന്നും പുലിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 9 ൽ നിന്നുമുള്ള ഭൂമിയാണ് പദ്ധതിക്കായി അടയാളപ്പെടുത്തിയിരിക്കുന്നത്. പദ്ധതിപ്രദേശം ഭൂരിഭാഗവും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്നു; കൂടാതെ പുലിയൂർ പഞ്ചായത്തിലെ 2, 3, 4, 5, 6 വാർഡുകളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നുണ്ട്.

## 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2023 സെപ്റ്റംബർ 19 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3058 ൽ പ്രസിദ്ധപ്പെടുത്തിയ 18/09/2023 തീയതിയിലെ കേരള സർക്കാർ റവന്യു (ബി) വകുപ്പിൻെറ G.O.(P)No.221/2023/RD വിജ്ഞാപനപ്രകാരം ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക1.3.1.ൽ നൽകിയിരിക്കുന്നു

**പട്ടിക1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**
***താലൂക്ക്* : ചെങ്ങന്നൂർ**

| വില്ലേജ് | ബ്ലോക്ക് നമ്പർ | സർവെ നമ്പർ |
|---|---|---|
| ചെങ്ങന്നൂർ | 8 | 5, 6, 7, 9, 10, 11, 28, 29, 30, 31, 32, 36, 37, 38, 44, 45, 467, 50, 51, 52, 53, 56, 57, 60, 72, 218, 219, 220, 244, 245, 246, 247, 275, 288, 289, 290, 291, 292, 293, 458 |
| | 7 | 330, 331, 332, 333, 334, 325 |
| പുലിയൂർ | 9 | 242, 243, 245, 246, 247, 248, 249, 251, 253, 254255, 259, 260, 261, 262, 263, 269, 351, 353, 354, 358, 360, 361, 362, 363, 364, 268, 369, 370, 375, 376, 377, 395, 396, 397, 398, 399, 401, 402 |

പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഏകദേശ അളവ് 9.86 ഹെക്ടർ ആണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ അടയാളപ്പെടുത്തിയിരിക്കുന്ന 98 വസ്തുവകകളുടെ ഉടമകളെയാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് നടത്തിയ സാമൂഹ്യ സാമ്പത്തിക സർവെയിലൂടെ കണ്ടെത്തിയത്. പദ്ധതിബാധിത കുടുംബങ്ങളിൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവെയിൽ വിവരദാതാക്കൾ നൽകിയ വിവരമനുസരിച്ച് ഏറ്റെടുക്കുവാൻ അടയാളപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ തരം പട്ടിക 1.3.2.ൽ നൽകിയിരിക്കുന്നു

***പട്ടിക 1.3.2 : ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ തരം***

| ***ഭൂമിയുടെ തരം*** | ***വസ്തുക്കളുടെ എണ്ണം*** |
|---|---|
| പുരയിടം | 71 |
| നിലം | 18 |
| നിലം നികത്തുപുരയിടം | 2 |
| പുരയിടം & നിലം | 3 |
| വിവരം ലഭ്യമല്ല | 4 |
| ആകെ | 98 |

സാമൂഹ്യ സാമ്പത്തിക സർവെയിൽ വിവരദാതാക്കൾ നൽകിയ വിവരമനുസരിച്ച് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന വസ്തുക്കളിൽ 71 എണ്ണം പുരയിടവും, 18 എണ്ണം നിലവും, 2 എണ്ണം നിലം നികത്തുപുരയിടവുമാണ്. 3 വസ്തുക്കളിൽ കുറച്ചുഭാഗം നിലം വിഭാഗത്തിലും കുറച്ചുഭാഗം പുരയിടം വിഭാഗത്തിലും ഉൾപ്പെടുന്നു. 4 വസ്തുക്കളെക്കുറിച്ച് ടി വിവരം ലഭ്യമല്ല.

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പദ്ധതിക്കായി മറ്റ് മാർഗങ്ങൾ പരിഗണിച്ചതായ വിവരം ലഭിച്ചിട്ടില്ല.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം യാഥാർത്ഥ്യമാകുന്നതോടെ പദ്ധതി പ്രദേശത്തിലേത് മാത്രമല്ല, ജില്ലയിലെ ഗതാഗതം സുഗമമാക്കുന്നതിനുള്ള ഒരു ചുവട് വെയ്പ്പാകും എന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് വിവിധങ്ങളായ നഷ്ടങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ട്. ചെങ്ങന്നൂർ ബൈപ്പാസ് ഫേസ് 2, 3 & 4 നുവേണ്ടി ഏറ്റെടുക്കുവാൻ അടയാളപ്പെടുത്തിയിരിക്കുന്നത് 100 ൽ അധികം വസ്തുവകകളാണ് എന്ന് മനസിലാക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് നടത്തിയ വിവരശേഖരണ സർവെയിൽ 98 വസ്തുവകകളുടെ ഉടമകളെയാണ് കണ്ടെത്തിയത്. ടി വസ്തുവകകളുടെ ഉടമകൾ 96 കുടുംബങ്ങളും 2 സംഘടനകളുമാണ് (അനുബന്ധം:1) സാമൂഹ്യ സാമ്പത്തിക സർവെയിൽ വിവര ദാതാക്കൾ നൽകിയ വിവരമനുസരിച്ചും, പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലും, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടും, പദ്ധതിയുടെ വിവിധ ഘട്ട ങ്ങളിലും ഭൂവുടമകൾക്കും പൊതുസമൂഹത്തിനും ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രത്യാഘാതങ്ങൾ പട്ടിക 1.5.1. ലും പട്ടിക 1.5.2.ലും വിശകലനം ചെയ്യുന്നു.

***പട്ടിക 1.5.1. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ***

| *ക്രമനമ്പർ* | *പ്രത്യാഘാതം* | *എണ്ണം* | *വിശദീകരണം* |
|---|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ | 97 കുടുംബങ്ങൾക്കും 2 സംഘടനകൾക്കും | 59 വസ്തുക്കൾ ഉടമകൾക്ക് പാരമ്പര്യമായി ലഭിച്ചത് |
| 2 | ഭവനം പദ്ധതിബാധിതമാകൽ | 8 ഉടമകൾ | പൂർണ്ണം (5), ചെറിയതോതിൽ (3) |
| 4 | കടകൾ ഉൾപ്പടെയുള്ള കെട്ടിടങ്ങൾ പദ്ധതിബാധിതമാകൽ | 9 ഉടമകൾ | പൂർണ്ണം (2), ഭാഗികം (3), ചെറിയതോതിൽ (4) |
| 5 | ഉപജീവനമാർഗം നഷ്ടമാകൽ | 6 കുടുംബങ്ങൾ | 4 ഉടമകൾ, 2 വാടകക്കാർ, 5 തൊഴിലാളികൾ |
| 6 | മതസ്ഥാപനങ്ങളുടെ വസ്തുവകകൾ പദ്ധതിബാധിതമാകൽ | 2 ഉടമകൾ | കേരള പുലയ മഹാസഭയുടെയും IPC ഫെയ്ത്ത് സെൻററിന്റെയും വസ്തുവകകൾ |

| | | | |
|---|---|---|---|
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | 45 ഉടമകൾ | തെങ്ങ്, മാവ്, കുടം പുളി, കവുങ്ങ് തുടങ്ങിയ വൃക്ഷങ്ങൾ |
| 8 | വീടിനോട് ചേർന്ന അനുബന്ധ സൗകര്യങ്ങൾ നഷ്ടമാകൽ | 58 ഉടമകൾ | ചുറ്റുമതിൽ ഗേറ്റ് (38), കിണർ (7), സെപ്റ്റിക്ടാങ്ക്(2), ബയോഗ്യാസ് പ്ലാൻറ് (1), ശൗചാലയം (1), കുളം (1), തൊഴുത്ത് (1), കാർപോർച്ച് (2), കമ്പിവേലി (3), കൽകെട്ട് (2), ടൈലിട്ട മുറ്റം (1) |
| 9 | കടയുടെ പാർക്കിങ്ങ് നഷ്ടമാകൽ | 1 ഉടമ | |
| 10 | കൃഷിഭൂമിയുടെ അളവ് കുറയൽ | 26 ഉടമകൾ | ഏകദേശം 636.2961 സെൻറ് ഭൂമി |
| 11 | പുനരുപയോഗത്തിന് അപര്യാപ്തമായ സ്ഥലം ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്നു | | വീട് നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിരുന്ന ഭൂമി ഏറ്റെടുക്കലിനു ശേഷം വീട് നിർമ്മാണത്തിന് അപര്യാപ്തമാകുന്നു |
| 12 | അവശ്യസൗകര്യങ്ങളുടെ പുനർ നിർമ്മാണത്തിന ഏറ്റെടുക്കലിനുശേഷം സ്ഥലം അവശേഷിക്കുന്നില്ല | 2 ഉടമകൾ | സെപ്റ്റിക് ടാങ്ക്, കിണർ എന്നീ സൗകര്യങ്ങൾ |

**പട്ടിക 1.5.2: പദ്ധതിബാധിതമാകുന്ന വിടുകൾ**

| *ക്രമനമ്പർ* | *ഉടമ* | *ആഘാതത്തിൻെറ അളവ്* | *നിലവിലെ അവസ്ഥ* |
|---|---|---|---|
| 1 | ബിന്ദുമോൾ പി.എസ്., കീച്ചേരിമേൽ | പൂർണ്ണം | ഉടമ താമസിക്കുന്നു |
| 2 | പി.കെ.കോശി & ചിന്നമ്മ കോശി | പൂർണ്ണം | വാടകക്ക് നൽകിയിരിക്കുന്നു |
| 3 | ദിനേശ് & ഗീത, ചെരുവിൽകിഴക്കേതിൽ | പൂർണ്ണം | ഉടമ താമസിക്കുന്നു |
| 4 | ജോസഫ് ജോൺ, പൂവത്തൂർതോപ്പിൽ | പൂർണ്ണം | അവിവാഹിതരായ സഹോദരിമാരും പിതൃസഹോദരിമാരും താമസിക്കുന്നു |
| 5 | സോമൻ കെ.എൻ, കൊച്ചുകളിയിക്കൽ | ചെറിയതോതിൽ | ഉടമ താമസിക്കുന്നു |
| 6 | പി.സി.ജോൺ, വാങ്കറുമ്പിൽ | ചെറിയതോതിൽ | ഉടമ താമസിക്കുന്നു |

| | | | |
|---|---|---|---|
| 7 | വർഗീസ്ജോൺ, കൊച്ചുപ്ലാവ് നിൽക്കുന്നതിൽ | പൂർണ്ണം | ഉടമ താമസിക്കുന്നു |
| 8 | കെ.ജി.തോമസ്(.Late) കല്ലൻപറമ്പിൽ | ചെറിയതോതിൽ | ഉടമയുടെ 50 വയസിനു മുകളിൽ പ്രായമുള്ള, മാന സിക വൈകല്യമുള്ള 4 മ ക്കൾ താമസിക്കുന്നു |

പട്ടിക 1.5.2.ൽ പദ്ധതിബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ നൽകിയിരിക്കുന്നു. പൂർണ്ണമായും പദ്ധതിബാധിതമാകുന്ന 5 വീടുകളിൽ 4 വീടുകളും ഉടമകൾക്ക് പാരമ്പര്യമായി ലഭിച്ചതും വളരെ വർഷങ്ങളായി കുടുംബങ്ങൾ താമസിക്കുന്നതുമാണ്. കൂടാതെ ഇവയിൽ 3 വീടുകൾ പുനർനിർമ്മിക്കുന്നതിന് ടി പ്രദേശത്ത് സ്ഥലം അവശേഷിക്കുന്നില്ല എന്നതിനാൽ ടി കുടുംബങ്ങൾ പദ്ധതിപ്രദേശത്ത് നിന്ന് കുടിയൊ ഴിയേണ്ടിവരും എന്നത് കുടുംബങ്ങൾക്ക് വൈകാരികമായും സാമൂഹികമായും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ശ്രീ.ജോസഫ് ജോണിൻെറ ഉടമസ്ഥതയിലുള്ള വീട് അദ്ദേഹത്തിൻെറ കുടുംബ വീടാണ്. ഉടമയുടെ അവിവാഹിതരും മാനസികാസ്വാസ്ഥ്യം ഉള്ളവരുമായ 2 സഹോദരിമാരും ക്യാൻസർ രോഗിയും വിധവയുമായ പിതൃസഹോദരിയുമാണ് പ്രസ്തുത വീട്ടിൽ താമസിക്കുന്നത് എന്ന് മനസിലാക്കുന്നു. വീടിൻെറ മുൻഭാഗം പദ്ധതിബാധിതമായേക്കാവുന്ന, മരണപ്പെട്ട ശ്രീ.കെ.ജി.തോമസിൻെറ ഉടമസ്ഥതയിലുള്ള വീട്ടിൽ അദ്ദേഹത്തിൻെറ 50 വയസിനുമുകളിൽ പ്രായമുള്ള, മാനസികവൈകല്ല്യമുള്ള 4 മക്കൾ താമസിക്കുന്നു.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നടത്തിയ വിവരശേഖരണത്തിൽ പ്രതികരിച്ച ഭൂവുടമകളിൽ നിന്ന് ലഭ്യമായ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ കൂടാതെ പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം, പൊടിശല്ല്യം എന്നിവയും പദ്ധതിയുടെ പ്രത്യാഘാതങ്ങളായി കണ്ട് ആവശ്യമായ ലഘൂകരണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1.6. ലഘൂകരണ നടപടികൾ

ചെങ്ങന്നൂരിലെയും സമീപപ്രദേശങ്ങളിലെയും ഗതാഗതം കൂടുതൽ സുഗമമാക്കുക എന്ന ലക്ഷ്യം മുൻ നിറുത്തികൊണ്ടാണ് സർക്കാർ ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം നടപ്പി

ലാക്കുവാൻ ഉദ്ദേശിക്കുന്നത്.  എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ വർഷങ്ങളായി പ്രദേശത്തെ വസ്തുവകകൾ കൈവശമായിരിക്കുന്ന ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള മുകളിൽ കൊടുത്തിട്ടുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD & 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകുക
- പദ്ധതി മൂലം ഭവനം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് നിലവിലുള്ള സുരക്ഷിതവും സുഖകരവുമായ താമസം തുടരുന്നതിന് കാലതാമസം കൂടാതെ പുനരധിവാസ-പുനസ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. പ്രത്യേക പരിഗണന ആവശ്യമായ അംഗങ്ങൾ താമസിക്കുന്ന വീടുകളുടെ പുനരധിവാസ-പുനസ്ഥാപന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ സഹകരണത്തോടെ നടപ്പിലാക്കുന്നത്  ഉചിതമായിരിക്കും.
- ചെറിയതോതിൽ പദ്ധതിബാധിതമാകുന്ന വീടുകൾക്ക് അറ്റകുറ്റപണി ആവശ്യമായി വരുകയും ടി ഘട്ടത്തിൽ പ്രസ്തുത വീടുകളിൽ കുടുംബങ്ങളുടെ താമസം സാധ്യമാകാതെയും വരുന്ന സാഹചര്യമുണ്ടായാൽ, പ്രസ്തുത ഘട്ടത്തിൽ കുടുംബങ്ങളുടെ താമസത്തിന് പകരം സംവിധാനം പരിഗണിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശങ്ങളിലെ. വാഹനഗതാഗതവും ജനസഞ്ചാരവും തടസപ്പെടാതിരിക്കുന്നതിന് സാധ്യമായ ഇതര മാർഗം ഏർപ്പെടുത്തേണ്ടതാണ്

- പദ്ധതിപ്രദേശത്തിന് സമീപ്പത്തുള്ള വീടുകളിലേക്കും വസ്തുക്കളിലേക്കും മതിയായ പ്രവേശനം നൽകികൊണ്ട് പദ്ധതി നിർമ്മാണവും നിർവ്വഹണവും നടപ്പിലാക്കേണ്ടതാണ്
- നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദമലിനീകരണം എന്നിവ കുറയ്ക്കുന്നതിന് മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

# അദ്ധ്യായം 2
# പഠനത്തിൻെറ വിശദ വിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

സംസ്ഥാന സർക്കാരിൻെറ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട 182 റോഡുകളുടെ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതിയാണ് ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതി. തുടർന്ന് 10/07/2017 തീയതിയിലെ കേരള സർക്കാർ ഉത്തരവ് G.O.(RT)No.942/2017/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിനെ പദ്ധതി നിർവഹണത്തിനായി ചുമതലപ്പെടുത്തി. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ യാണ് ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. കേരള റോഡ് ഫണ്ട് നിയമ പ്രകാരം 2001 ൽ കേരള സർക്കാർ രൂപീകരിച്ച സംവിധാനമാണ് കേരള റോഡ് ഫണ്ട് ബോർഡ്. കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിൻെറ ബഡ്ജറ്റ് ഇതര ഫണ്ടുകളുടെ മേൽനോട്ടം വഹിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സംസ്ഥാനത്തിലെ റോഡുകളും മറ്റ് ഇതര സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുമായി അത്തരം ഫണ്ടുകൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രാഥമീകമായി കേരള റോഡ് ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

4 ഫേസിലുള്ള ഒരു റിങ്ങ് റോഡായിട്ടാണ് ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മിക്കുന്നത്. 370 മീറ്റർ നീളത്തിലുള്ള ഫേസ് 1 ൻെറ നിർമ്മാണം പൂർത്തികരിച്ചു. ഫേസ് 1 ൻെറ രൂപരേഖ നിലവിലുള്ള റോഡിനോട് ചേർന്ന് തന്നെയാണ് എന്നതിനാൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്നില്ല. ഫേസ് 2, 3, 4 നിർമ്മാണത്തിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നത്. ഫേസ് 2, 3, 4 നിർമ്മാണത്തിനുവേണ്ടി ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച്, കളമശേരി എന്ന സംസ്ഥാന തല എസ്.ഐ.എ യൂണിറ്റിനെ കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് 18/9/2023 തീയതിയിലെ G.O.(P)No.221/2023/RD വിജ്ഞാപനത്തിലൂടെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായ് 65 കോടി രൂപ ഉൾപ്പടെ പദ്ധതിയുടെ ഏകദേശ ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്നത് 150 കോടി

രൂപയാണ്. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.11.2020 തീയതിയിലെ നടപടിക്രമം ഉത്തരവ് നമ്പർ PWD015-95/APR-2/2020/KIIFB പ്രകാരം ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി, ആലപ്പുഴ ചുമതലപ്പെട്ടിരിക്കുന്നു

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് (ബി) പ്രകാരം അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ടി നിയമം ബാധകമാണ്. ആയതിനാൽ ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

ചെങ്ങന്നൂർ ബൈപ്പാസ് ഫേസ് 2, 3, 4 നിർമ്മാണ പദ്ധതിക്ക് വേണ്ടിയാണ് നിലവി ലെ ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത്. ഫേസ് 2 പുത്തൻകാവ് ഭഗവതി ക്ഷേത്രത്തിനു മുൻപ് മുനിസിപാലിറ്റി റോഡിൽ നിന്ന് ആരംഭിച്ച് എം.സി.റോഡിൽ ചെന്നുചേരുന്ന നേതാജി റോഡിൽ അവസാനിക്കുന്നു. ഫേസ് 3 ഹാച്ചറി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കൊല്ലം-തേനി ഹൈവെ അനക്സിനെയും ഒട്ടപ്പസ്-ആല-ചെങ്ങന്നൂർ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഫേസ് 4 ഒട്ടപ്പസ്-ആല-ചെങ്ങന്നൂർ റോഡിൽ മാത്തുംപടി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കൊല്ലം-തേനി ഹൈവെയിൽ മുണ്ടൻകാവ് ജംഗ്ഷനിൽ ചെന്ന് ചേരുന്നു. നിർമ്മാണം പൂർത്തികരിച്ച ഫേസ് 1 ൻെറ നീളം 370 മീറ്റർ ആണ്. ഫേസ് 2 ബൈപ്പാസ് 1189.89 മീറ്റർ നീളത്തിലും, 300 മീറ്റർ റെയിൽവേ മേൽപാലം ഒഴിച്ച് 2503.71 മീറ്റർ നീളത്തിൽ ഫേസ് 3 യും, 3020 മീറ്റർ നീളത്തിൽ ഫേസ് 4 ഉം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്

ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ വിശദമായ പദ്ധതിരേഖയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായ് 65 കോടി രൂപ ഉൾപ്പടെ പദ്ധതിയുടെ ഏകദേശ ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്നത് 150 കോടി രൂപയാണ്.

## 2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

പദ്ധതിക്കായി ഇതരമാർഗങ്ങൾ പരിശോധിച്ചതായ വിവരങ്ങൾ ലഭിച്ചിട്ടില്ല. പദ്ധതിക്കായി മാർക്ക് ചെയ്യപ്പെട്ടിരിക്കുന്ന ഇടങ്ങളിൽ ജനവാസസ്ഥലങ്ങളും, നിലവിൽ കൃഷിയുള്ളതും ഇല്ലാത്തതുമായ വയലുകളുമുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ സർവെയിൽ നിലവിൽ കൃഷി ചെയ്യാത്ത പാടങ്ങളും സർക്കാർ ഭൂമിയും കൂടുതലായി ഏറ്റെടുത്തുകൊണ്ട് ജനവാസസ്ഥലങ്ങൾ കഴിയുന്നത്ര ഒഴിവാക്കണമെന്ന് പലരും പ്രതികരിച്ചിട്ടുണ്ട്.

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ ഘട്ടം 1 ൻെറ നിർമ്മാണം പൂർത്തീകരിച്ചു. ഘട്ടം 2, 3, 4 നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം നിർമ്മാണ നടപടികൾക്കായി ഭൂമി അർത്ഥനാ ധികാരിക്ക് കൈമാറും. പിന്നീട് വിവിധ ഘട്ടങ്ങളിലായി പദ്ധതി നിർമ്മാണം പൂർത്തീകരിക്കും.

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ബെങ്കിൾ മാൻ ഡിഫ്ലെക്ഷൻ ടെസ്റ്റ്, സബ് സോയിൽ ഇൻവെസ്റ്റിഗേഷൻ ടെസ്റ്റ്, സി.ബി.ആർ.ടെസ്റ്റ്, സ്റ്റേഷൻ സർവെ എന്നീ പഠനങ്ങൾക്ക് ശേഷം IRC സ്റ്റാൻഡേർഡ് പ്രകാരമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കൂടാതെ രൂപരേഖ തയ്യാറാക്കുന്നതിൽ കൂടാതെ കിഫ്ബിയുടെ മാർഗനിർദേശങ്ങളും പാലിച്ചുകൊണ്ടായിരിക്കും നിർമ്മാണം നടപ്പിലാക്കുന്നത്. കാൽനടപാത, ഡ്രെയിനേജ് എന്നിവ ഉൾപ്പടെ 2 വരി പാതയായിട്ടാണ് റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. റോഡിൻെറ നീളം താഴെ പറയുന്ന വിധത്തിലായിരിക്കും.

ഫേസ് 1 : 370 മീറ്റർ

ഫേസ് 2 : 1189.89 മീറ്റർ

ഫേസ് 3 : 300 മീറ്റർ റെയിൽവേ മേൽപാലം ഒഴിച്ച് 2503.71 മീറ്റർ

ഫേസ് 4 : 3020 മീറ്റർ

ഡ്രെയിനേജ്, സർവീസ് ഡക്റ്റ്, നടപാത, റീട്ടെയിനിങ്ങ് വാൾ, ക്യാരേജ്വെ എന്നിവ ഉൾപ്പടെ റോഡിൻെറ വീതി 12 മീറ്റർ. ആവശ്യമായ ഇടങ്ങളിൽ അതായത് നിലങ്ങളിലൂടെ കടന്ന് പോകുന്നിടത്ത് ക്യാരേജ്വേയ്ക്ക് കൂടുതൽ വീതി ഉണ്ടായിരിക്കും.

## 2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിലവിൽ വാഹനഗതാഗതവും ജനസഞ്ചാരവുമുള്ള റോഡിനോട് ചേർന്ന് നിർമ്മാണം നടക്കുന്ന അവസരത്തിൽ അതുവഴിയുള്ള ഗതാഗതവും ജനസഞ്ചാരവും തടസപ്പെടാത്തവിധത്തിൽ ആവശ്യമായ സൗകര്യം ചെയ്യേണ്ടതുണ്ട്. കൂടാതെ ഏറ്റെടുക്കലിനായി മാർക്ക് ചെയ്യപ്പെട്ടിരിക്കുന്ന ഇടങ്ങളിലെ വൈദ്യുതി പോസ്റ്റ്, ടെലഫോൺ പോസ്റ്റ് തുടങ്ങിയ അവശ്യസൗകര്യങ്ങളുടെ പുനസ്ഥാപനവും യഥാസമയം നിർവ്വഹിക്കേണ്ടതുണ്ട്.

## 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കെ.ആർ.എഫ്.ബി കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം, കരാറുകാരൻ തയ്യാറാക്കുന്ന വർക്ക്ഷെഡ്യൂൾ എന്നിവ കെ.ആർ.എഫ്.ബി എഞ്ചിനീയറിങ്ങ് വിഭാഗം പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ബെങ്കിൾ മാൻ ഡിഫ്ലെക്ഷൻ ടെസ്റ്റ്, സബ് സോയിൽ ഇൻവെസ്റ്റിഗേഷൻ ടെസ്റ്റ്, സി.ബി.ആർ.ടെസ്റ്റ്, സ്റ്റേഷൻ സർവെ എന്നീ പഠനങ്ങൾക്ക് ശേഷമാണ് IRC സ്റ്റാൻഡേർഡ് പ്രകാരം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന് വിശദമായ പദ്ധതിരേഖയിൽ പറയുന്നു. പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി പാരിസ്ഥിതിക പഠനങ്ങൾ നടത്തിയതായി വിവരം ലഭിച്ചിട്ടില്ല.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ബാധകമായ നിയമങ്ങളും നയങ്ങളും താഴെ പറയുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പ്രകാരമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29.12.2017 തീയതിയിലെ G.O(MS)No.448/2017/RD പ്രകാരമുള്ള നയം
5. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

# അദ്ധ്യായം 3
# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമി 2013 ലെ ഭൂമി ഏറ്റെ ടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കു ന്നതിനും രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തിക്കൊണ്ട് കേരള സർക്കാർ റവന്യു (ബി) വകുപ്പിൻെറ 18/09/2023 തീയതിയിലെ G.O.(P)No.221/2023/RD വിജ്ഞാപനം 2023 സെപ്റ്റംബർ 19 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3058 ൽ പ്രസിദ്ധ പ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ പഠന സംഘം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

## 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത/പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ.ഫാ.ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ |

| | | | |
|---|---|---|---|
| | | | 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീനകുരുവിള | എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | മരിയ ടെൻസി വി.എസ്. | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 31 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ജോർജ് വി.എ. | എം.എസ്.ഡബ്ല്യു റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ലിജി.വി.ഇ. | എം.എസ്.ഡബ്ല്യു റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 25 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ദിവ്യ പി.ജി. | എം.എ. റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 15 വർഷത്തെ പ്രവർത്തന പരിചയം |
| 10 | സി.ജിസ്മി | എം.എസ്.ഡബ്ല്യു റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 1 വർഷത്തെ പ്രവർത്തന പരിചയം |
| 11 | ക്യാൻഡിസ് മരിയ പെരേര | എം.എസ്.ഡബ്ല്യു റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |
| 12 | ബിനീഷ ഡി. | എം.എസ്.ഡബ്ല്യു റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |
| 13 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 14 | വർഗീസ് കെ.ഒ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |
| 15 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 29 വർഷത്തെ പ്രവർത്തന പരിചയം |
| 16 | ഇന്ദിര വി.വി. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 31 വർഷത്തെ പ്രവർത്തന പരിചയം |

## 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ ത്രിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതരാകുന്ന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 06/10/2023 തീയതിയിൽ പദ്ധതിബാധിത പ്രദേശം സന്ദർശിക്കുകയും പഠനത്തിനായി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു.. പിന്നീട് 31/01/2023 തീയതിയിൽ പദ്ധതിബാധിതരുടെ വീടുകൾ സന്ദർശിച്ച് പദ്ധതി ബാധിതരെ നേരിൽ കണ്ട്, പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തില്ലാത്ത ഭൂവുടമകളെ ടെലഫോണിൽ ബന്ധപ്പെട്ട് വിവരശേഖരണം നടത്തി. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം, കെ.ആർ.എഫ്.ബി., ആലപ്പുഴ കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള

വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ (എൽ.എ), ആലപ്പുഴ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിമൂലം പൊതുസമൂഹത്തിനുണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ പഠനത്തിനാവശ്യമായ ത്രിതീയമായ വിവരമാണ്. പദ്ധതിബാധിത കുടുംബങ്ങളിൽ നടത്തിയ സർവെയിലൂടെയും പ്രദേശത്തെ ജനപ്രതിനിധികളുമായി നടത്തിയ അഭിമുഖത്തിലൂടെയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് മാതൃകാ പരിശോധനാ രീതിയേക്കാൾ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് അഭികാമ്യം. ആയതിനാൽ പഠനസംഘം പദ്ധതിപ്രദേശം പൂർണ്ണമായും സന്ദർശിച്ച് പ്രദേശത്ത് താമസിക്കുന്ന ഉടമകളിൽ നിന്ന് നേരിട്ടും, ടെലഫോൺ നമ്പർ ലഭ്യമായ ഉടമകളെ ടെലഫോണിൽ ബന്ധപ്പെട്ടും വിവരശേഖരണം നടത്തിയിരുന്നു

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, കൂടാതെ ഭൂവുടമകളെ നേരിൽ കണ്ടും ടെലഫോണിൽ ബന്ധപ്പെട്ടും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെ യുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാം ഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം, കെ.ആർ.എഫ്.ബി., ആലപ്പുഴ കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള

വിവരങ്ങൾ ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ) ആലപ്പുഴ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിമൂലം പൊതുസമൂഹത്തിനുണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഭൂവുടമകളുമായി നടത്തിയ അഭിമുഖത്തിലൂടെയും പ്രദേശത്തെ ജനപ്രതിനിധികളുമായി നടത്തിയ അഭിമുഖത്തിലൂടെയും മനസിലാക്കി.

## 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് എസ്.ഐ.എ.പഠനസംഘം നടത്തിയ പ്രവർത്തനങ്ങൾ പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു

***പട്ടിക 3.5.1. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ***


| ***പ്രവർത്തനങ്ങൾ*** | ***തീയതി*** |
|---|---|
| ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ) ആലപ്പുഴ കാര്യാലയത്തിൽ നിന്ന് വിവരശേഖരണം | 19/12/2023 |
| എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം, കെ.ആർ.എഫ്.ബി., ആലപ്പുഴ കാര്യാലയത്തിൽ നിന്ന് വിവരശേഖരണം | 27/09/2023 |
| പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനവും പഠനത്തിനു പയോഗിച്ച ചോദ്യാവലിയുടെ സ്ഥിരീകരണവും | 06/10/2023 |
| ഭൂവുടമകളുടെ ഭവനസന്ദർശനവും സാമൂഹ്യ സാമ്പത്തിക സർവെയും | 31/01/2023 |
| ചെങ്ങന്നൂർ മുനിസിപ്പാലിറ്റി ജനപ്രതിനിധികളുമായി അഭിമുഖം | 31/01/2023 |
| പബ്ലിക് ഹിയറിങ്ങിനുള്ള അറിയിപ്പ് നൽകൽ | 16/02/2024 |
| പബ്ലിക് ഹിയറിങ്ങ് | 21/02/2024 |

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം


ചെങ്ങന്നൂർ ബൈപ്പസ് നിർമ്മാണ പദ്ധതിയുടെ ഫേസ് 1 എം.സി.റോഡിൽ കല്ലിശ്ശേരി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കല്ലിശ്ശേരി-ഇരവിപേരൂർ റോഡിൽ നിന്ന് തിരിഞ്ഞ് ചെങ്ങന്നൂർ –ഓച്ചിറ റോഡിൽ പ്രവേശിച്ച് കല്ലിശ്ശേരി പാലം കടന്ന് മുനിസിപ്പാലിറ്റി റോഡിൽ പുത്തൻ കാവ് ഭഗവതിക്ഷേത്രത്തിനു മുൻപ് അവസാനിക്കുന്നു. ഫേസ് 1 ൻെറ രൂപരേഖ നിലവിലുള്ള റോഡിനോട് ചേർന്ന് തന്നെയാണ് എന്നതിനാൽ ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്നില്ല. ഫേസ് 2, 3, 4 നിർമ്മാണത്തിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നത്

## ചിത്രം 4.1.1. ഫേസ് 2 പദ്ധതിപ്രദേശത്തിൻെറ ഗൂഗിൾ മാപ്പ്





ഫേസ് 2 പുത്തൻകാവ് ഭഗവതി ക്ഷേത്രത്തിനു മുൻപ് മുനിസിപാലിറ്റി റോഡിൽ നിന്ന് ആരംഭിച്ച് എം.സി.റോഡിൽ ചെന്നുചേരുന്ന നേതാജി റോഡിൽ അവസാനിക്കുന്നു.

## ചിത്രം 4.1.2. ഫേസ് 3 പദ്ധതിപ്രദേശത്തിന്റെ ഗൂഗിൾ മാപ്പ്




ഹാച്ചറി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കൊല്ലം-തേനി ഹൈവെ അനക്സിനെയും ഒട്ടപ്പസ്-ആല-ചെങ്ങന്നൂർ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്നു.

## ചിത്രം 4.1.3. ഫേസ് 4 പദ്ധതിപ്രദേശത്തിന്റെ ഗൂഗിൾ മാപ്പ്



ഫേസ് 4 ഒട്ടപ്പസ്-ആല-ചെങ്ങന്നൂർ റോഡിൽ മഠത്തുംപടി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് കൊല്ലം-തേനി ഹൈവെയിൽ മുണ്ടൻകാവ് ജംഗ്ഷനിൽ ചെന്ന് ചേരുന്നു.

പദ്ധതിക്ക് വേണ്ടി മാർക്ക് ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ ഏകദേശം 636.2961 സെൻറ് ഭൂമി പാടങ്ങളും ഏകദേശം 1118.5447 സെൻറ് കരഭൂമിയുമാണ്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

ചെങ്ങന്നൂർ ബൈപ്പാസ് റിങ്ങ് റോഡ് നിർമ്മിക്കുന്നതിലൂടെ ചെങ്ങന്നൂർ പട്ടണത്തിലും എം.സി.റോഡിലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗതതിരക്ക് കുറച്ച് ചെങ്ങന്നൂർ പട്ടണത്തിലെയും എം.സി.റോഡിലെയും ഗതാഗതം സുഗമവും സുരക്ഷിതവു മാക്കുവാൻ കഴിയും എന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുന്നതോടെ ചെങ്ങന്നൂർ ടൗണിലൂടെയുള്ള ഗതാഗത സമയം 15 മിനിറ്റെങ്കിലും കുറയ്ക്കുവാനാകും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ എല്ലാഭാഗത്തു നിന്നുമുള്ള വാഹനങ്ങൾ ചെങ്ങന്നൂർ പട്ടണത്തിലേക്ക് പ്രവേശിക്കുന്നതുമൂലം ചെങ്ങന്നൂർ പട്ടണത്തിൽ നിലവിൽ അനുഭവപ്പെടുന്ന വാഹന പെരുപ്പവും, അന്തരീക്ഷ മലിനീകരണവും ഗതാഗത തടസവും തന്മൂലമുണ്ടാകുന്ന യാത്രാസമയ നഷ്ടവും കുറയ്ക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ വളരെ വർഷങ്ങളായി പ്രദേശത്ത് താമസിക്കുന്ന ഉടമകൾക്ക് കൈവശഭൂമി നഷ്ടമാകൽ, ഭവനം നഷ്ടമാകൽ, കൃഷിഭൂമി നഷ്ടമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങി വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട് എന്ന് മനസിലാക്കുന്നു. ഏകദേശം 99 ഉടമകൾക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു. കൂടാതെ 5 കുടുംബങ്ങളുടെ വീടുകൾ പൂർണ്ണമായും, 3 കുടുംബങ്ങളുടെ വിടുകൾ ചെറിയ തോതിലും പദ്ധതിബാധിതമാകുന്നുണ്ട്. പൂർണ്ണമായും വീടുകൾ നഷ്ടമാകുന്ന 4 കുടുംബങ്ങൾ പ്രദേശത്ത് നിന്ന് കുടിയൊഴിയേണ്ടതായ് വന്നേക്കാം എന്നത് പദ്ധതിയുടെ ഒരു വലിയ പ്രത്യാഘാതമാണ്. ഉടമകളും, വാടകക്കാരും, തൊഴിലാളികളും ഉൾപ്പടെ 6 കുടുംബങ്ങൾക്ക് ഉപജീവനമാർഗം നഷ്ടമാകുന്നുണ്ട്. കൂടാതെ കൃഷി ഭൂമിയുടെ അളവിൽ കുറവ് വരുന്നതിനാലും പദ്ധതിപ്രദേശത്തെ ഫലവൃക്ഷങ്ങൾ നഷ്ടമാകുന്നതിനാലും, വാടകക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ നഷ്ടമാകുന്നതിനാലും ഉടമകൾക്ക് വരുമാനം നഷ്ടമാകുന്നുണ്ട്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ പട്ടിക 1.5.1.ൽ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള ഉടമകളുടെ

വിവരങ്ങളും, ഓരോ ഉടമയ്ക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങളും അനുബന്ധം 1 ആയി ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

2023 സെപ്റ്റംബർ 19 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3058 ൽ പ്രസിദ്ധപ്പെടുത്തിയ 18/09/2023 തീയതിയിലെ കേരള സർക്കാർ റവന്യു (ബി) വകുപ്പിൻെറ G.O.(P)No.221/2023/RD വിജ്ഞാപനപ്രകാരം ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിക്കായി ആവശ്യമായ് വന്നേക്കാവുന്നത് ഏകദേശം 9.86 ഹെക്ടർ ഭൂമിയാണ്.

## 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതിപ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള ഭൂമി ഇല്ല.

## 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

നിർദ്ദിഷ്ട പദ്ധതിക്കായി നെരത്തെ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ വാങ്ങിക്കുകയോ ചെയ്യിട്ടില്ല.


## 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

2023 സെപ്റ്റംബർ 19 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 3058 ൽ പ്രസിദ്ധപ്പെടുത്തിയ 18/09/2023 തീയതിയിലെ കേരള സർക്കാർ റവന്യു (ബി) വകുപ്പിൻെറ G.O.(P)No.221/2023/RD വിജ്ഞാപനപ്രകാരം ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിക്കായി ചെങ്ങന്നൂർ താലൂക്കിലെ പുലിയൂർ, ചെങ്ങന്നൂർ പ്രദേശങ്ങളിൽ നിന്നായി ഏകദേശം 9.86 ഹെക്ടർ ഭൂമിയാണ് . ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കുന്ന പ്രദേശങ്ങളിൽ ഭൂരിഭാഗവും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്നു. പുലിയൂർ പഞ്ചായത്തിലെ വാർഡ് 3 ലെ ഭൂമിയും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ നിലവിൽ നെൽകൃഷിയുള്ളതും ഇല്ലാത്തതുമായ പാടങ്ങൾ ഉൾപ്പെട്ട് വരുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായ് നടത്തിയ സർവെയിൽ വിവരദാതാക്കൾ നൽകിയവിവരം അനുസരിച്ച് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം ചിത്രം 4.7.1. ൽ നൽകിയിരിക്കുന്നു

**ചിത്രം 4.7.1. ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം**




പദ്ധതിബാധിതമാകുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 50 ഉടമകൾ താമസത്തിനായും, 7 ഉടമകൾ കച്ചവട ആവശ്യത്തിനായും, 2 കുടുംബങ്ങൾ താമസത്തിനും കച്ചവടത്തിനുമായും ടി ഭൂമി ഉപയോഗിക്കുന്നു. 26 ഉടമകളുടെ ഭൂമി കൃഷിഭൂമിയാണ്. 14 ഉടമകളുടേത് തരിശ് ഭൂമിയും 1 ഉടമയുടെ സ്ഥലം ഓഫീസ് ആവശ്യത്തിനും ഉപയോഗിക്കുന്നു.

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥല ത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

വിവരദാതാക്കളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതിപ്രദേശത്ത് ഉടമകൾക്ക് ആകെ കൈവശമായ ഭൂമിയുടെ ഏകദേശ അളവ് പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 ഉടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമിയുടെ ഏകദേശ അളവ്**

| *സ്ഥലത്തിൻെറ അളവ്* | *ഉടമകളുടെ എണ്ണം* |
|---|---|
| 3 സെൻറിൽ താഴെ | 1 |
| 3–6 സെൻറ് | 8 |
| 6–10 സെൻറ് | 5 |
| 10–15 സെൻറ് | 16 |
| 15–30 സെൻറ് | 10 |
| 30–50 സെൻറ് | 10 |
| 50–70 സെൻറ് | 10 |
| 70–90 സെൻറ് | 4 |
| 1–1.5 ഏക്കർ | 10 |
| 2 ഏക്കർ | 1 |
| വിവരം ലഭ്യമല്ല | 19 |
| ആകെ ഉടമകൾ | 98 |

പദ്ധതി ബാധിതരാകുന്ന ഭൂവുടമകളിൽ 1 ഉടമക്ക് 3 സെൻറിൽ താഴെ സ്ഥലം മാത്രമേ കൈവശമായിട്ടുള്ളു. 8 ഉടമകൾക്ക് 3 സെൻറിനും 6 സെൻറിനും ഇടയിലും, 5 ഉടമകൾക്ക് 6 സെൻറിനും 100 സെൻറിനും ഇടയിലും, 16 കുടുംബങ്ങൾക്ക് 10 സെൻറിനും 15 സെൻറിനും ഇടയിലും, സ്ഥലം കൈവശമായിട്ടുണ്ട്. 15 സെൻറിനും 30 സെൻറിനും ഇടയിലും, 30 സെൻറിനും 50 സെൻറിനും ഇടയിലും, 50 സെൻറിനും 70 സെൻറിനും

ഇടയിലും, 1 ഏക്കറിനും 1.2 ഏക്കറിനും ഇടയിലും ഭൂമി കൈവശമായിട്ടുള്ള 10 ഉടമകൾ വീതമുണ്ട്. 4 ഉടമകൾക്ക് 70 സെൻറിനും 90 സെൻറിനും ഇടയിൽ ഭൂമിയുണ്ട്, കൂടാതെ 1 ഉടമക്ക് 2 ഏക്കർ ഭൂമി പദ്ധതിപ്രദേശത്ത് കൈവശമായിട്ടുണ്ട്. ആകെ കൈവശമായിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ 19 ഉടമകളിൽ നിന്ന് ലഭിച്ചിട്ടില്ല.

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഭൂരിഭാഗവും (59%) ഉടമകൾക്ക് പാരമ്പര്യമായി കൈവശമായതാണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ 13 എണ്ണം ഉടമകളുടെ കൂട്ടുടമസ്ഥതയിലുള്ളതും, 1 എണ്ണം ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതും അവശേഷിക്കുന്നവ വ്യക്തിഗതമായ ഉടമസ്ഥതയിലുള്ളതുമാണ്.

ഏറ്റെടുക്കപ്പെടുന്ന വസ്തുക്കളിൽ 52 എണ്ണം ഉടമകൾ തങ്ങളുടെ താമസത്തിനായി ഉപയോഗിക്കുന്നു. പദ്ധതിക്കായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന 8 വീടുകൾ വിവിധ വിധത്തിൽ പദ്ധതിബാധിതമാകുന്നുണ്ട്. പൂർണമായി പൊളിച്ചുമാറ്റേണ്ടി വരുന്ന 5 വീടുകളിൽ 1 വീട് വാടകക്ക് നൽകിയിരി ക്കുന്നതാണ്. ഉടമകളുടെ കുടുംബങ്ങൾ താമസിക്കുന്ന 4 വീടുകളിൽ 3 വീടുകൾ പുനർനിർമ്മിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം സ്ഥലം അവശേഷിക്കുന്നില്ല എന്നതിനാൽ പദ്ധതിപ്രദേശത്തുനിന്നും കുടി ഒഴിയേണ്ടി വരും.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

സർവെയിൽ വിവരദാതാക്കൾ നൽകിയ വിവരം അനുസരിച്ച് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന വസ്തുക്കളിൽ കഴിഞ്ഞ 3 വർഷകാലയളവിൽ കൈമാറ്റമോ വ്യവഹാരമോ നടന്നിട്ടില്ല. പദ്ധതിബാധിതമാകുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 50 ഉടമകൾ താമസത്തിനായും, 7 ഉടമകൾ കച്ചവട ആവശ്യത്തിനായും, 2 കുടുംബങ്ങൾ താമസത്തിനും കച്ചവടത്തിനുമായും ടി ഭൂമി ഉപയോഗിക്കുന്നു. 26 ഉടമകളുടെ ഭൂമി കൃഷിഭൂമിയാണ്. 14 ഉടമകളുടേത് തരിശ് ഭൂമിയും 1 ഉടമയുടെ സ്ഥലം ഓഫീസ് ആവശ്യത്തിനും ഉപയോഗിക്കുന്നു.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകളുടെ വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷ വുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതരായും, ഉപജീവനത്തിനോ, താമസത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥല ത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

പദ്ധതിക്കായി മാർക്ക് ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ 98 ഉടമകളെയാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേര് വിവരങ്ങളും, പ്രദേശത്ത് ഏറ്റെടുക്കലിനായി അടയാളപ്പെടുത്തി യിരിക്കുന്ന പ്രകാരം ഉടമകൾക്ക് നഷ്ടമാകുന്ന ആസ്തികളുടെ വിവരങ്ങളും ഈ റിപ്പോർട്ടിൽ അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.

## 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

പൊതുവിഭവങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.4. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി യിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം കുടുംബങ്ങൾ പദ്ധതിപ്രദേശത്തില്ല

## 5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ഏറ്റെടുക്കപ്പെടുന്ന ഭൂമി 52 കുടുംബങ്ങൾ തങ്ങളുടെ താമസത്തിനായി ഉപയോഗിക്കുന്നുണ്ട് എന്ന് മനസിലാക്കുന്നു. പദ്ധതിക്കായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന 8 വീടുകൾ വിവിധ വിധത്തിൽ പദ്ധതിബാധിതമാകുന്നുണ്ട്. ഇതിൽ 5 വീടുകൾ പൂർണ്ണമായി പൊളിച്ചുമാറ്റേണ്ടതായി വരും. ഇവയിൽ 4 വീടുകൾ പുനർനിർമ്മിക്കുന്നതിന് ഏറ്റെടുക്കലിനുശേഷം സ്ഥലം അവശേഷിക്കുന്നില്ല എന്ന് മനസിലാക്കുന്നു

## 5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമി യിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതിപ്രദേശങ്ങളിലെ കൃഷി പല കുടുംബങ്ങളുടെയും ഉപജീവനമാർഗമാണ. എന്നിരു ന്നാലും കൃഷി ഭൂമിയുടെ കുറച്ച് ഭാഗം മാത്രമാണ് എന്നതിനാൽ കാർഷിക വൃത്തിയി ലുള്ള കുടുംബങ്ങളുടെ ഉപജീവനത്തെ പദ്ധതി ബാധിക്കുന്നില്ല എന്ന് മനസിലാക്കുന്നു. എന്നിരുന്നാലും ഉടമകൾ, വാടകക്കാർ, തൊഴിലാളികൾ എന്നിവരുൾപ്പടെ 6 കുടുംബങ്ങ ളുടെ ഉപജീവനമാർഗം പദ്ധതിബാധിതമാകുന്നുണ്ട് എന്ന് സാമൂഹ്യപ്രത്യാഘാത വിലയി രുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ വിവരശേഖരണത്തിലൂടെ മനസിലാക്കുന്നു.

## 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതി പ്രദേശത്തെ തങ്ങളുടെ ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന 2 വാടകക്കാരെയും 5 തൊഴിലാളികളെയും പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായി കാണേണ്ടതാണ്. ഭൂമി ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗം നഷ്ടമാകുന്ന വാടകക്കാരുടെ പേര് വിവരങ്ങളും അവരുടെ സ്ഥാപനത്തിലെ തൊഴിലാളികളുടെ എണ്ണവും പട്ടിക 5.6.1 ൽ നൽകിയിരിക്കുന്നു.

***പട്ടിക 5.6.1. പദ്ധതിയുടെ പരോക്ഷആഘാതബാധിതർ***

| *ക്രമനമ്പർ* | *വാടകക്കാരൻെറ പേരും ഫോൺ നമ്പറും* | *തൊഴിലാളികളുടെ എണ്ണം* | *ഭൂവുടമയുടെ പേരും ഫോൺ നമ്പറും* |
|---|---|---|---|
| 1 | അയ്യപ്പൻപിള്ള<br>ടു വീലർ വർക്ക് ഷോപ്പ്<br>9447068765 | 2 | ആദർശ് നായർ<br>9891309616 &<br>തോമസ് വർഗീസ്<br>9544002137 |
| 2 | മുരുകൻ<br>ആക്രികട<br>9605793971 | 3 | ബീന വർഗീസ്<br>94477668025 |

## 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതമാകുന്ന പ്രദേശങ്ങളിൽ വീടുകൾ, കെട്ടിടങ്ങൾ എന്നിവയുണ്ട്. കൂടാതെ തെങ്ങ്, കവുങ്ങ്, മാവ് തുടങ്ങിയ ഫലദായകവൃക്ഷങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ധാരളമായുണ്ട് എന്ന് മനസിലാക്കുന്നു. നിലവിൽ നെൽകൃഷിയുള്ളതും ഇല്ലാാതുമായ പാടങ്ങളും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്.

***പട്ടിക 5.6.2. പദ്ധതിബാധിതമാകുന്ന ഭൂമിയിലെ പ്രത്യേക വസ്തുക്കൾ***

| ***ക്രമ നമ്പർ*** | ***ഉടമയുടെ പേര്*** | ***വില്ലേജ്/സർവെനമ്പർ*** | ***പദ്ധതിബാധിതപ്രദേശത്തുള്ള പ്രത്യേക വസ്തുക്കൾ*** |
|---|---|---|---|
| 1 | ബിന്ദുമോൾ പി.എസ്. | ചെങ്ങന്നൂർ | വീട് |
| 2 | പി.കെ.കോശി & ചിന്നമ്മ കോശി | ചെങ്ങന്നൂർ 289/12 | വീട്, കിണർ |
| 3 | കെ.പി.എം.എസ്, കീച്ചേരിമേൽ | ചെങ്ങന്നൂർ | ഓഫീസ് കെട്ടിടം |
| 4 | ദിനേശ് & ഗീത | ചെങ്ങന്നൂർ | വീട് |
| 5 | രാജേന്ദ്രൻ കെ.കെ. | ചെങ്ങന്നൂർ | കിണർ |
| 6 | എൻ.വി.വർഗീസ് | ചെങ്ങന്നൂർ 376/4, 8, 9, 10 | കട |
| 7 | ഗോപാലകൃഷ്ണ പിള്ള | 0/870 ചെങ്ങന്നൂർ | കോഴി ഫാം, കിണർ |
| 8 | ജേക്കബ് ആനാടത്തിൽ | പുലിയൂർ | സെപ്റ്റിക് ടാങ്ക്, കിണർ |
| 9 | ഹരികുമാർ കെ.കെ. | പുലിയൂർ | ശൗചാലയം |
| 10 | സജീവ്കുമാർ ആർ.കെ. | പുലിയൂർ | റബ്ബർതോട്ടം |
| 11 | ചിഞ്ചു അനൂപ് | പുലിയൂർ | പശുഫാം, കോഴിഫാം |
| 12 | റെജി തോമസ്, മഹേശ്വരൻ ടി.ജെ., എം.കെ.ചെറിയാൻ, ഡിലൈറ്റ്.ജെ.വെട്ടിക്കാടൻ | ചെങ്ങന്നൂർ 245/4 | കുളം |
| 13 | ഗീവർഗീസ് | ചെങ്ങന്നൂർ | വീട് |
| 14 | ആദർശ് നായർ & അശ്വതി നായർ | ചെങ്ങന്നൂർ | കടകൾ |
| 15 | സി.സി.ഐസക് | ചെങ്ങന്നൂർ | കട, തൊഴുത്ത് |

| | | | |
|---|---|---|---|
| 16 | ജേക്കബ് ഫിലിപ്പ് & സാറാമ്മ ഫിലിപ്പ് | ചെങ്ങന്നൂർ | ബയോഗ്യാസ് പ്ലാൻറ് |
| 17 | ജോസഫ് ജോൺ | ചെങ്ങന്നൂർ 51/6 | വീട്, സെപ്റ്റിക് ടാങ്ക്, കിണർ |
| 18 | സോമൻ കെ.എൻ. | ചെങ്ങന്നൂർ 32/10 | വീട് |
| 19 | പി.സി.ജോൺ | ചെങ്ങന്നൂർ | വീട്, ഫാക്ടറി |
| 20 | വർഗീസ് ജോൺ | ചെങ്ങന്നൂർ 56 | വീട് |
| 21 | തോമസ് ജോൺ | ചെങ്ങന്നൂർ | കിണർ |
| 22 | ജഗദമ്മ പുരുഷോത്തമൻ | ചെങ്ങന്നൂർ 29/7, 29/8, 29/14 | പ്രതിഷ്ഠ, പത്തായപുര |
| 23 | തോമസ് വർഗീസ് | ചെങ്ങന്നൂർ 38/7 | കെട്ടിടം |
| 24 | ബീന വർഗീസ് | ചെങ്ങന്നൂർ 38 | ആക്രി കട |
| 25 | എം.എം.ഉമ്മൻ | പുലിയൂർ | കിണർ |
| 26 | കെ.ജി.തോമസ് (Late) | പുലിയൂർ | വീട് |
| 27 | ഉണ്ണികൃഷ്ണൻ.സി. | ചെങ്ങന്നൂർ 6/8 | കട |

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ


പദ്ധതിബാധിത കുടുംബങ്ങളിൽ 52 ശതമാനവും പദ്ധതിപ്രദേശത്ത് താമസിക്കുന്നവരാണ്. പദ്ധതി പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ പട്ടിക 6.1.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 6.1.1 പദ്ധതിപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ***

| പ്രായം | പുരുഷൻ | സ്ത്രീ | ആകെ എണ്ണം |
|---|---|---|---|
| 18 വയസിൽ താഴെ | 23 | 10 | 33 |
| 18–59 | 43 | 49 | 92 |
| 60 വയസും അതിൽ കൂടുതലും | 27 | 28 | 55 |
| ആകെ | 93 | 87 | 130 |

പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളിലെ ആകെ കുട്ടികളുടെ എണ്ണം 33 ആണ്. ഇവരിൽ 23 പേർ ആൺകുട്ടികളും 10 പേർ പെൺകുട്ടികളുമാണ്. കുടുംബാംഗങ്ങളിൽ 70% (92) അംഗങ്ങളും 18 നും 59 വയസിനും ഇടയിൽ പ്രായമുള്ളവരാണ എന്ന് മനസിലാക്കുന്നു. ടി പ്രായപരിധിയിൽ 43 പുരുഷന്മാരും 49 സ്ത്രീകളുമാണുള്ളത്. പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ 60 വയസും അതിനുമുകളിലും പ്രായമുള്ള വയോജനങ്ങളുടെ എണ്ണം 55 (42%) ആണ്. ഇവരിൽ 27 പുരുഷന്മാരും 28 സ്ത്രീകളും ഉൾപ്പെടുന്നു

***ചിത്രം 6.1.1. പദ്ധതിബാധിത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ സ്ത്രീ പുരുഷ അനുപാതം***





പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ ജനസംഖ്യയിൽ 52% (93) പുരുഷന്മാരും 48% (87) സ്ത്രീകളുമാണ്.

## 6.2. വരുമാനവും ദാരിദ്ര്യതലവും

പൊതുവിതരണ സമ്പ്രദായമനുസരിച്ച് പദ്ധതി ബാധിത കുടുംബങ്ങൾക്ക് കൈവശ മായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ ചിത്രം 6.2.1.ൽ നൽകിയിരിക്കുന്നു


***ചിത്രം 6.2.1 : പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡ്***



പദ്ധതിബാധിത കുടുംബങ്ങളിൽ 55% കുടുംബങ്ങൾക്ക് വെള്ള കാർഡും, 26% കുടുംബങ്ങൾക്ക് നീലനിറത്തിലുള്ള കാർഡും, 7% കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലുള്ള കാർഡും 2% കുടുംബങ്ങൾക്ക് മഞ്ഞ നിറത്തിലുള്ള കാർഡുമാണ് ലഭ്യമായിട്ടുള്ളത്. 8 കുടുംബങ്ങളിൽ നിന്ന് പ്രസ്തുത വിവരം ലഭിച്ചിട്ടില്ല

പദ്ധതിബാധിതകുടുംബങ്ങളുടെ പ്രാഥമിക ജീവനോപാധിയെക്കുറിച്ചുള്ള വിവരങ്ങൾ ചിത്രം 6.2.2.ൽ നൽകിയിരിക്കുന്നു. പദ്ധതിബാധിതരാകുന്ന 83 കുടുംബങ്ങളിൽ നിന്നാണ് പ്രസ്തുത വിവരം ലഭിച്ചിട്ടുള്ളത്

***ചിത്രം 6.2.2 : പദ്ധതിബാധിത കുടുംബങ്ങളുടെ പ്രാഥമിക ജീവനോപാധി***




പദ്ധതിബാധിതകുടുംബങ്ങളിൽ 17 കുടുംബങ്ങളുടെ പ്രാഥമിക ജീവനോപാധി കൃഷിയാണ്. ബിസിനസ് പ്രാഥമിക ജീവനോപാധിയായ 13 കുടുംബങ്ങളാണുള്ളത്. 19 കുടുംബങ്ങളുടെ ജീവനോപാധി വിദേശജോലിയായിരിക്കേ, 2 കുടുംബങ്ങൾ മുൻകാല പ്രവാസജീവി തത്തിൽ നിന്ന് ലഭിച്ച വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്നു. സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള 6 പേരിൽ 3 പേർ വർക്ക്ഷോപ്പ് നടത്തുന്നു, 1 കുടുംബം പെട്ടിക്കട നടത്തുന്നു, 2 പേർ ഓട്ടോറിക്ഷ ഡ്രൈവർമാരാണ്. കൂടാതെ കുടുംബങ്ങളിലെ പ്രധാന വരുമാനദാതാക്കൾ ബാങ്കിൽ ജോലി ചെയ്യുന്ന 2 കുടുംബങ്ങളും, സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന 5 കുടുംബങ്ങളും, കൂലിവേല ചെയ്യുന്ന 6

കുടുംബങ്ങളും, സർവീസ് പെൻഷനെ ആശ്രയിച്ച് ജീവിക്കുന്ന 9 കുടുംബങ്ങളും, സാമൂഹ്യ സുരക്ഷാ പെൻഷനെ ആശ്രയിച്ച് ജീവിക്കുന്ന 2 കുടുംബങ്ങളും പദ്ധതിബാധിതരിലുണ്ട്. 2 കുടുംബങ്ങൾക്ക് വരുമാനം ഒന്നും ഇല്ല എന്ന് സർവെയിൽ പ്രതികരിച്ചു.

## 6.3. ദുർബല ജനവിഭാഗം

ഭൂവുടമകളിൽ 49 പേർ വയോജനങ്ങളാണ്; ഇവരിൽ കൂടുതൽ പേരും വിവിധ വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുള്ളവരാണ്. ശ്രീ.ജോസഫ് ജോണിൻെറ ഉടമസ്ഥതയിലുള്ള, പൂർണ്ണമായും പൊളിച്ച് മാറ്റേണ്ടിവരുന്ന വീട്ടിൽ അദ്ദേഹത്തിൻെറ അവിവാഹിതരും മാനസികാസ്വാസ്ഥ്യം ഉള്ളവരുമായ 2 സഹോദരിമാരും ക്യാൻസർ രോഗിയും വിധവയുമായ പിതൃസഹോദരിയുമാണ് താമസിക്കുന്നത്. വീടിൻെറ മുൻഭാഗം പദ്ധതിബാധിതമായേക്കാവുന്ന, മരണപ്പെട്ട ശ്രീ.കെ.ജി.തോമസിൻെറ ഉടമസ്ഥതയിലുള്ള വീട്ടിൽ അദ്ദേഹത്തിൻെറ 50 വയസിനുമുകളിൽ പ്രായമുള്ള, മാനസികവൈകല്ല്യമുള്ള 4 മക്കൾ താമസിക്കുന്നു.

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിബാധിതമാകുന്ന ഭൂമി 50 ഉടമകൾ താമസത്തിനായും, 7 ഉടമകൾ കച്ചവട ആവശ്യത്തിനായും, 2 കുടുംബങ്ങൾ താമസത്തിനും കച്ചവടത്തിനുമായും ഉപയോഗിക്കുന്നു. 26 ഉടമകളുടെ ഭൂമി കൃഷിഭൂമിയാണ്. 14 ഉടമകളുടേത് തരിശ് ഭൂമിയും 1 ഉടമയുടെ സ്ഥലം ഓഫീസ് ആവശ്യത്തിനും ഉപയോഗിക്കുന്നു. പദ്ധതിബാധിത പ്രദേശത്തെ കൃഷി പല കുടുംബങ്ങളുടെയും ഉപജീവനമാർഗമാണ്; എന്നിരുന്നാലും കുടുംബങ്ങളുടെ ഉപജീവനത്തെ ബാധിക്കുന്ന വിധത്തിൽ കൃഷിഭൂമി ഏറ്റെടുക്കപ്പെടുന്നില്ല എന്ന് മനസിലാക്കുന്നു. ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് കെട്ടിടങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്ന ഉടമകൾ, വാടകക്കാർ, തൊഴിലാളികൾ എന്നിവരുൾപ്പടെ 6 കുടുംബങ്ങളുടെ ഉപജീവനമാർഗം പദ്ധതിബാധിതമാകുന്നുണ്ട് എന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ വിവരശേഖരണത്തിലൂടെ മനസിലാക്കുന്നു

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതി പ്രദേശത്തെ പ്രാദേശിക ഉപജീവനമാർഗം നെൽകൃഷി ഉൾപ്പടെയുള്ള കൃഷിയാണ്. ഉപജീവനമാർഗം കൃഷിയാണ്. ഏറ്റെടുക്കലിൽ കൃഷി ഭൂമി ഉൾപ്പെട്ടിട്ടു ള്ളതിനാൽ നിലവിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ ഉടമകൾക്ക് വരുമാനത്തിൽ കുറവ് വന്നേക്കാം

## 6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

ഏറ്റെടുക്കപ്പെടുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും വ്യക്തിഗത ഉടമസ്ഥതയിലുള്ള വസ്തുക്കളാണ. കുടുംബാംഗങ്ങളുടെ കൂട്ടുടമസ്ഥതയിലുള്ള വസ്തുക്കളും, മതസ്ഥാപനങ്ങളുടെ വസ്തുക്കളും ഏറ്റെടുക്കപ്പെടുന്നവയിലുണ്ട്. ഉടമസ്ഥതയിലുള്ള വസ്തുവകകളും ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിട്ടുണ്ട്. കേരള പുലയ മഹാസഭയുടെയും IPC ഫെയ്ത്ത് സെൻററിൻെറയും വസ്തുവകകൾ ഏറ്റെടുക്ക ലിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 6.8. ഭരണ സംഘടനകൾ

ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ ഉൾപ്പെട്ട ചെങ്ങന്നൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 7 & 8 ൽ നിന്നും പുലിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 9 ൽ നിന്നുമുള്ള ഭൂമിയാണ് പദ്ധതിക്കായി അടയാളപ്പെടുത്തിയിരിക്കുന്നത്. പദ്ധതിപ്രദേശം ഭൂരിഭാഗവും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്നു; കൂടാതെ പുലിയൂർ പഞ്ചായത്തിലെ

2, 3, 4, 5, 6 വാർഡുകളിൽ  ഉൾപ്പെടുന്ന സ്ഥലങ്ങളും പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നുണ്ട്.  പദ്ധതിയുടെ ഫേസ് 2 ഉം 3 ഉം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള പ്രദേശങ്ങളിലൂടെ കടന്ന് പോകുന്നു.  ഫേസ് 4 ൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെയും പുലിയൂർ പഞ്ചായത്തിൻെറയും പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്നു. ദക്ഷിണേന്ത്യയിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രങ്ങളായ ശബരിമല, പരുമല പള്ളി, മഹാദേവർ ക്ഷേത്രം, ആറന്മുള ക്ഷേത്രം എന്നിവയുടെ സാന്നിദ്ധ്യം ഉള്ളതിനാൽ ചെങ്ങന്നൂരിൽ വിവിധ രാജ്യത്തിൻെറ വിവിധ ഇടങ്ങളിൽ നിന്ന് തീർത്ഥാടകർ ധാരാളമായി എത്തിച്ചേരാറുണ്ട്.

## 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശത്തെ ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ചെങ്ങന്നൂർ പട്ടണത്തെയാണ് ആശ്രയിക്കുന്നത്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

## 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഏതെങ്കിലും പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉടമകൾക്കും, ടി പ്രദേശത്തെ വിവിധ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നവർക്കും പല വിധത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. എന്നാൽ കെ.സി.പാലത്തിൻെറ പുനർനിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ, ഭൂവുടമകളല്ലാതെ മറ്റ് പ്രത്യാഘാത ബാധിതരില്ല. പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിയമാനുസൃത നടപടികളുടെ ഭാഗ മായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടക്കുന്നത്. വിവിധ ഘട്ടങ്ങളിലായാണ് പഠന സംഘം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തികൊണ്ടി രിക്കുന്നത്. പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിക്കുകയും പദ്ധതി ക്കായി പ്രദേശത്ത് അടയാളപ്പെടുത്തിയിട്ടുള്ള എല്ലാ വസ്തുക്കളുടെയും ഉടമകളെ നേരിൽ കണ്ടും, ടെലഫോണിൽ ബന്ധപ്പെട്ടും, പ്രത്യേകം തയ്യാറാക്കിയ സാമൂഹിക-സാമ്പത്തിക സർവെ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖ ത്തിലൂടെ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറയും ആസ്തികളുടെയും വിവരങ്ങൾ ശേഖരിക്കുകയും, ഉടമകളുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. സർവെയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി ഉൾപ്പെടുത്തികൊണ്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കി.

പഠനത്തിൻെറ അടുത്ത ഘട്ടമായി 21/02/2024 തീയതി പകൽ 11 ന് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിഹാളിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നു. പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചും, ഉടമകളിൽ നിന്ന് സർവ്വെയിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് തയ്യാറാക്കി പഠന ഏജൻസിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയതും, പ്രദേശത്തെ തദ്ദേശ ഭരണകാര്യാലയങ്ങളിലുൾപ്പടെ ലഭ്യമാക്കിയതുമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേയ്ക്ക് ആവശ്യമായ കൂട്ടിചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതി ബാധിതർക്കും മറ്റ് തൽപ്പരകക്ഷികൾക്കും അവസരം നൽകുകയും ചെയ്യും. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ

ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരിക്കും. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട, പദ്ധതിബാധിതർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതരും മറ്റ് തൽപ്പരകക്ഷികളും ഉന്നയിച്ചേക്കാവുന്ന ആശങ്കകളും സംശയങ്ങളും അവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി പരിഗണിച്ചും ഉൾപ്പെടുത്തിയുമായിരിക്കും പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കുന്നത്.

## 7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും മറ്റ് പദ്ധതിബാധിതർക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD & 29/12/2017 തീയതിയിലെ G.O(MS)No.448/2017/RD) പ്രകാരവും കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകുക. കൂടാതെ ഇനി പറയുന്ന നിർദ്ദേശങ്ങളും പ്രത്യാഘാത ലഘൂകരണത്തിനായി പരിഗണിക്കുക.

- പദ്ധതി മൂലം ഭവനം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് നിലവിലുള്ള സുരക്ഷിതവും സുഖകരവുമായ താമസം തുടരുന്നതിന് കാലതാമസം കൂടാതെ പുനരധിവാസ-പുനസ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. പ്രത്യേക പരിഗണന ആവശ്യമായ അംഗങ്ങൾ താമസിക്കുന്ന വീടുകളുടെ പുനരധിവാസ-പുനസ്ഥാപന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ സഹകരണത്തോടെ നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.
- ചെറിയതോതിൽ പദ്ധതിബാധിതമാകുന്ന വീടുകൾക്ക് അറ്റകുറ്റപണി ആവശ്യമായി വരുകയും ടി ഘട്ടത്തിൽ പ്രസ്തുത വീടുകളിൽ കുടുംബങ്ങളുടെ താമസം

സാധ്യമാകാതെയും വരുന്ന സാഹചര്യമുണ്ടായാൽ, പ്രസ്തുത ഘട്ടത്തിൽ കുടുംബങ്ങളുടെ താമസത്തിന് പകരം സംവിധാനം പരിഗണിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശങ്ങളിലെ. വാഹനഗതാഗതവും ജനസഞ്ചാരവും തടസപ്പെടാതിരിക്കുന്നതിന് സാധ്യമായ ഇതര മാർഗം ഏർപ്പെടുത്തേണ്ടതാണ്
- പദ്ധതിപ്രദേശത്തിന് സമീപ്പത്തുള്ള വീടുകളിലേക്കും വസ്തുക്കളിലേക്കും മതിയായ പ്രവേശനം നൽകികൊണ്ട് പദ്ധതി നിർമ്മാണവും നിർവ്വഹണവും നടപ്പിലാക്കേണ്ടതാണ്
- നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദമലിനീകരണം എന്നിവ കുറയ്ക്കുന്നതിന് മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ 23.09.2015 തീയതിയിൽ G.O(MS)No. 485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച നഷ്ടപരിഹാരത്തിനും പുനരധിവാസ-പുനസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമി ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന പദ്ധതിക്ക് ബാധകമാണ്.

## 7.4. പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ബാധകമല്ല

## 7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ ഫേസ് 3, ഫേസ് 4 പദ്ധതി പ്രദേശങ്ങളിൽ വിവിധ ഇടങ്ങളിൽ നിലവിൽ കൃഷി ചെയ്യപ്പെടാത്ത തരിശ് ഭൂമിയും സർക്കാർ ഭൂമിയും ഉള്ളതിനാൽ ജനവാസമുള്ള സ്വകാര്യഭൂമി കഴിയുന്നത്ര ഒഴിവാക്കികൊണ്ട് പദ്ധതി നടപ്പിലാക്കണമെന്ന് സർവെയിൽ പലരും പ്രതികരിച്ചു.

## 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ G.O(MS)No. 485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(MS)No.448/2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരവും പുനരധിവാസ–പുനഃസ്ഥാപന പാക്കേജും നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ | RFCTLARR നിയമം 2013 ഒ ന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവും നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | ഭവനം പദ്ധതിബാധിതമാകൽ | RFCTLARR നിയമം 2013 ഒന്ന്, രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവു മുള്ള നഷ്ട പരിഹാരവും പുനരധിവാസവും | | കുടുംബങ്ങളുടെ സുരക്ഷിതമായ താമസം ഉറപ്പ് വരുത്തികൊണ്ട്, നിലവിലെ സൗകര്യങ്ങളിൽ യാതൊരുവിധ കുറവും വരാതെയുള്ള പുനരധിവാസ നടപടി കൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ |

| | | | | |
|---|---|---|---|---|
| | | പുനസ്ഥാപനവും നൽകുക | | സഹകരണത്തോടെ നടപ്പിലാ ക്കുന്നത് അഭില ഷണീയം |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARR നിയമം 2013 ഒ ന്നാം പട്ടിക പ്ര കാരവും അനു ബന്ധമായ കേ രള സംസ്ഥാ ന സർക്കാരി ൻെറ പോളിസികൾ പ്രകാരവും നഷ്ടപരിഹാ രം നൽകുക | | ഭൂവുടമകളുടെ സാന്നിദ്ധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്ല്യ നിർണ്ണയ നട പടികൾ കൃത്യമാ യി ഉടമകളെ ബോധ്യപ്പെടുത്തു കയും ചെയ്യുക |
| 4 | ഉപജീവനമാർ ഗം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനു ബന്ധമായ കേരള സംസ്ഥാന സർ ക്കാരിൻെറ പോളി സികൾ പ്രകാരവും പുനരധിവാസ -പുന സ്ഥാപന പാക്കേജ് നൽകുക | | കുടുംബങ്ങളുടെ ഉപജീവന മാർഗ ത്തിന് ഭംഗം നേരിടാതിരിക്കു ന്നതിന് മതിയായ പരിഗണന നൽകുക. |
| 5 | പദ്ധതിബാധിതമാ കുന്ന അവശ്യസൗക ര്യങ്ങൾ പുനർനിർ മ്മിക്കുന്നതിന് ഏറ്റെടുക്കലിനുശേ ഷം അവശേഷി ക്കുന്ന സ്ഥലം അപര്യാപ്തമാകൽ | അലൈൻമെൻറിൽ സാങ്കേതികമായി സാധ്യമായ മാറ്റം പരിഗണിക്കുക | | കുടുംബങ്ങളുടെ സുഗമമായ താമസത്തിന് സാധ്യമായ പരിഗണന നൽകുക |
| 6 | ഏറ്റെടുക്കലിനുശേ ഷം പുനരുപയോഗ ത്തിന് മതിയാകാ | പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കൽ | | ഉടമയ്ക്കുണ്ടാകുവാനി ടയുള്ള നഷ്ടത്തിന് ന്യായമായ പരിഗണന നൽകുക |

| | | | | |
|---|---|---|---|---|
| | ത്ത സ്ഥലം അവ ശേഷിക്കൽ | | | |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | വെട്ടി മാറ്റപ്പെടുന്ന വൃക്ഷ ങ്ങൾക്ക് പകരം വൃക്ഷ തൈകൾ നട്ട് പിടിക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കുക | | പദ്ധതി മൂലം പ്രദേശത്തിൻെറ പരിസ്ഥിതിക്ക് കോട്ടം വരുന്നി ല്ല എന്ന് ഉറപ്പ് വരുത്തൽ |
| 8 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ പ്രദേ ശത്ത് യാത്രാ തട സവും പ്രദേശത്തെ വസ്തുവകകളിലേ ക്ക് പ്രവേശന തടസവും | നിർമ്മാണഘട്ടത്തിൽ പ്രദേശത്തുകൂടെയു ള്ള ജനസഞ്ചാരവും വാഹനഗതാഗതവും തടസപ്പെടാതിരിക്കു ന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക | | ജനങ്ങളുടെ സ ഞ്ചാര സ്വാത ന്ത്ര്യം തടസ പ്പെടാതിരിക്കൽ |
| 9 | പദ്ധതിനിർവ്വഹണ ത്തിനു ശേഷം പാല ത്തിനു സമീപത്തു ള്ള വസ്തുക്കളിലേക്ക് പ്രവേശനം തടസ പ്പെടുവാനുള്ള സാ ധ്യത | പദ്ധതി നിർവ്വഹണ ത്തിനുശേഷം പാല ത്തിൽ നിന്നും താഴെ യായി പോകുവാൻ സാധ്യതയുള്ള വസ്തുവ കകളിലേക്ക് മതിയായ പ്രവേശനം ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പ്രദേശത്തുള്ള വസ്തുക്കളിലേക്ക് പ്രവേശനം തടസപ്പെടാതിരിക്കൽ |
| 10 | നിർമ്മാണമാലിന്യ ങ്ങൾ മൂലം പരിസര മലിനീകരണം | നിർമ്മാണമാലിന്യങ്ങ ളുടെ ശാസ്ത്രീയവും സമയാധിഷ്ഠിതവുമാ യ നിർമ്മാർജനം നിർമ്മാണഘട്ടത്തിനു മുൻപേ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക | | പദ്ധതി മൂലം പ്രദേശ ത്തിൻെറ പരിസ്ഥിതിക്ക് കോട്ടം വരുന്നി ല്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായ് അർത്ഥനാധി കാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽ കാത്ത നടപടികളും**

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

## 8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തര വാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുന:രധിവാസ പുന:സ്ഥാപന സ്കീം തയ്യാറാക്കു ന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുന:രധിവാസ–പുന:സ്ഥാപന കമ്മീഷ ണറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേ യമായി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരി ക്കുന്നതാണ്. നിർദ്ദിഷ്ടപദ്ധതിയുടെ RFCTLARR നിയമം 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബി, ആലപ്പുഴയെ നിയമിച്ചിരിക്കുന്നു.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് G.O.(MS)No.56/2019/RD.പ്രകാരം സംസ്ഥാന തലത്തിൽ നിയോഗി

ക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുന:രധിവാസ–പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിൻമേൽ ജില്ലാകളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി, ആവശ്യമായ ഭേദഗതികൾ വരുത്തി, തയ്യാറാക്കപ്പെട്ട്, ജില്ലാകളക്ടറുടെ അംഗീകാരം നേടിയ ഭൂമി വിലയും, 9/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുനസ്ഥാപന പാക്കേജ് പ്രകാരമുള്ള തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷങ്ങളുടെ വില, മറ്റ് ആസ്തികളുടെ വില എന്നിവയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതിബാധിത വ്യക്തിയുടെ/ കുടുംബ ത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാകളക്ടർക്ക് സമർപ്പിക്കും. നിശചയിക്കപ്പെട്ട നഷ്ടപരിഹാരവും പുന:രധിവാസ–പുന:സ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

## 8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കു ന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനക ളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി ഔട്ട്റീച്ചിനെ ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമി ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് 18/09/2023 തീയതിയിലെ G.O.(P)No.221/2023/RD വിജ്ഞാപനത്തിലൂടെ കേരള സർക്കാർ റവന്യു (ബി) വകുപ്പ്. ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

## 8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

## 8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ അടയാളപ്പെടുത്തിയിരിക്കുന്ന വസ്തുവകകൾ 100 ൽ അധികം ഉടമകളുടെ കൈവശത്തിലുള്ളതാണ് എന്ന് മനസിലാക്കുന്നു. പദ്ധതി പ്രദേശത്ത് നിന്ന് പൂർണ്ണമായും പൊളിച്ച് മാറ്റേണ്ടിവരുന്ന വീടുകളിൽ താമസിക്കുന്ന 4 കുടുംബങ്ങൾക്ക് പുനരധിവാസം നൽകണം കൂടാതെ വീടുകൾ ഉൾപ്പടെയുള്ള പദ്ധതിബാധിതമാകുന്ന നിർമ്മിതികൾക്കും മറ്റ് ഭൂമിയോട് ചേർന്ന ചമയങ്ങൾക്കും ഉപജീവനമാർഗം നഷ്ടമാകുന്നവർക്കും നഷ്ടപരിഹാരം നൽകേണ്ടതുണ്ട്.

ആയതിനാൽ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ അളവും തരവും കിടപ്പും അനുസരിച്ച് RFCTLARR നിയമം 2013 അനുശാസിക്കുന്ന ഭൂമി വിലയും, കിടപ്പാടം നഷ്ടമാകുന്നവർക്കും നഷ്ടമാകുന്ന മറ്റ് ആസ്തികൾക്കും ഉപജീവനമാർഗത്തിനുമുള്ള നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകേണ്ടതുണ്ട്.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല.

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽ നോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ ന്യായമായ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ പുനരധിവാസ–പുനസ്ഥാപന നടപടികൾ

## 10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ടകർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി, ആലപ്പുഴ ആണ്

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11
# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

## 11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

ചെങ്ങന്നൂർ പട്ടണത്തിലും എം.സി.റോഡിലും നിലവിൽ അനുഭവപ്പെടുന്ന ഗതാഗത തിരക്ക് കുറച്ച് ചെങ്ങന്നൂർ പട്ടണത്തിലെയും എം.സി.റോഡിലെയും ഗതാഗതം സുഗമവും സുരക്ഷിതവുമാക്കുന്നതിന് വേണ്ടിയാണ് ചെങ്ങന്നൂർ ബൈപ്പാസ് റിങ്ങ് റോഡ് നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാന പാത 10 ന് സമാന്തരമായി ഒരു റിങ്ങ് റോഡായി ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മിക്കുന്നതിലൂടെ സംസ്ഥാനപാതയ്ക്ക് കാര്യക്ഷമമായ ഒരു കണക്റ്റിവിറ്റി നൽകുവാനും തടസമില്ലാത്ത സുഗമമായ ഗതാഗതം സാധ്യമാക്കുവാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുന്നതോടെ ചെങ്ങന്നൂർ ടൗണിലൂടെയുള്ള ഗതാഗത സമയം 15 മിനിറ്റെങ്കിലും കുറയ്ക്കുവാനാകും. കൂടാതെ ചെങ്ങന്നൂർ പട്ടണത്തിലേക്ക് എല്ലാഭാഗത്തു നിന്നുമുള്ള വാഹനങ്ങൾ പ്രവേശിക്കുന്നതുമൂലം ചെങ്ങന്നൂർ പട്ടണത്തിൽ നിലവിൽ അനുഭവപ്പെടുന്ന വാഹന പെരുപ്പവും, അന്തരീക്ഷ മലിനീകരണവും ഗതാഗത തടസവും തന്മൂലമുണ്ടാകുന്ന യാത്രാസമയ നഷ്ടവും കുറയ്ക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയായതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിനായി മാർക്ക് ചെയ്തിരിക്കുന്നത്. ടി ഭൂമി 100 ൽ അധികം വ്യക്തികളുടെ കൈവശത്തിലുള്ളതാണ് എന്ന് മനസിലാക്കുന്നു. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ 8 വീടുകൾ ഉൾപ്പടെയുള്ള നിർമ്മിതികൾ പദ്ധതിബാധിതമാകുന്നുണ്ട്.

പൂർണ്ണമായും പൊളിച്ച് മാറ്റേണ്ടിവരുന്ന വീടുകളിൽ താമസിക്കുന്ന 4 കുടുംബങ്ങൾ പ്രദേശത്ത് നിന്ന് കുടിയൊഴിയേണ്ടതായ് വന്നേക്കാം. പദ്ധതിപ്രദേശങ്ങളിലെ കൃഷി ഭൂമി ഏറ്റേടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും കുടുംബങ്ങളുടെ ഉപജീവനമാർഗം വളരെ ചെറിയതോതിൽ മാത്രമേ പദ്ധതി ബാധിതമാകുന്നുള്ളു എന്ന് മനസിലാക്കുന്നു. പദ്ധതിയുടെ ഫേസ് 3, ഫേസ് 4 പദ്ധതി പ്രദേശങ്ങളിൽ വിവിധ ഇടങ്ങളിൽ നിലവിൽ കൃഷി ചെയ്യപ്പെടാത്ത തരിശ് ഭൂമിയും സർക്കാർ ഭൂമിയും ഉള്ളതിനാൽ ജനവാസമുള്ള സ്വകാര്യഭൂമി കഴിയുന്നത്ര ഒഴിവാക്കികൊണ്ട് പദ്ധതി രൂപരേഖയിൽ മാറ്റം വരുത്തണമെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ സർവെയിൽ പലരും പ്രതികരിച്ചതൊഴിച്ചാൽ, ഭൂരിഭാഗം ഉടമകളും പദ്ധതിയോട് അനുകൂല മനോഭാവമുള്ളവരാണ് എന്ന് മനസിലാക്കുന്നു.

ആയതിനാൽ RFCTLARR നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരവും പുനരധിവാസ-പുന:സ്ഥാപന പാക്കേജും ഭൂവുടമകൾക്ക് സമയാധിഷ്ടിതമായി നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(MS)No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപനവും നൽകികൊണ്ട്ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണത്തിനായി ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ, പുലിയൂർ വില്ലേജുകളിൽ നിന്ന് ഏകദേശം 9.86 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ഏജൻസി

ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് താഴെ നൽകിയിരിക്കുന്ന കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ചൂണ്ടിക്കാണിക്കുന്നു

- പദ്ധതി മൂലം ഭവനം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് നിലവിലുള്ള സുരക്ഷിതവും സുഖകരവുമായ താമസം തുടരുന്നതിന് കാലതാമസം കൂടാതെ പുനരധിവാസ-പുനസ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
- പ്രത്യേക പരിഗണന ആവശ്യമായ അംഗങ്ങൾ താമസിക്കുന്ന വീടുകളുടെ പുനരധിവാസ-പുനസ്ഥാ പന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നട പ്പിലാക്കുന്നത് ഉചിതമായിരിക്കും.
- ചെറിയതോതിൽ പദ്ധതിബാധിതമാകുന്ന വീടുകൾക്ക് അറ്റകുറ്റപണി ആവശ്യമായി വരുകയും ടി ഘട്ടത്തിൽ പ്രസ്തുത വീടുകളിൽ കുടുംബങ്ങളുടെ താമസം സാധ്യമാകാതെയും വരുന്ന സാഹചര്യമുണ്ടായാൽ, പ്രസ്തുത ഘട്ടത്തിൽ കുടുംബങ്ങളുടെ താമസത്തിന് പകരം സംവിധാനം പരിഗണിക്കേണ്ടതാണ്.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശങ്ങളിലെ. വാഹനഗതാഗതവും ജനസഞ്ചാരവും തടസപ്പെടാതിരിക്കുന്നതിന് സാധ്യമായ ഇതര മാർഗം ഏർപ്പെടുത്തേണ്ടതാണ്
- പദ്ധതിപ്രദേശത്തിന് സമീപ്പത്തുള്ള വീടുകളിലേക്കും വസ്തുക്കളിലേക്കും മതിയായ പ്രവേശനം നൽകികൊണ്ട് പദ്ധതി നിർമ്മാണവും നിർവ്വഹണവും നടപ്പിലാക്കേണ്ടതാണ്
- നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദമലിനീകരണം എന്നിവ കുറയ്ക്കുന്നതിന് മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ - റവന്യൂ (ബി) വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ - റവന്യൂ (ബി) വകുപ്പിന്റെ 29.12.2017 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.448/2017/RD പ്രകാരം സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന് പുന:രധിവാസ–പുന:സ്ഥാപന പാക്കേജിനുള്ള നയം

5. കെ.ആർ.എഫ്.ബി, ആലപ്പുഴ കാര്യാലയത്തിൽ നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ

*അനുബന്ധം : 1*

***പദ്ധതിബാധിത ഭൂമിയുടെ ഉടമകൾ***

| *ക്രമ നമ്പർ* | *ഉടമയുടെ പേര്, വിലാസം,ഫോൺനമ്പർ* | *വില്ലേജ്/ സർവെനമ്പർ* | *നഷ്ടമാകുന്ന ആസ്തികൾ* |
|---|---|---|---|
| 1 | ഗീത<br>ശാന്തിഭവൻ,കീച്ചേരിമേൽ<br>ചെങ്ങന്നൂർ<br>9388184900 | ചെങ്ങന്നൂർ | |
| 2 | മീര (Late)<br>W/o.രാധാകൃഷ്ണൻ<br>ചെട്ടിക്കുന്ന്,കുമാരപുരം | ചെങ്ങന്നൂർ | |
| 3 | ബിന്ദുമോൾ പി.എസ്.<br>പന്തപ്ലാവ്കുട്ടി<br>കീച്ചേരിമേൽ,ചെങ്ങന്നൂർ<br>8714709614 | ചെങ്ങന്നൂർ | വീട്, പ്ലാവ് 3, ആഞ്ഞിലി 1, വാഴകൾ, കവുങ്ങ് 1 |
| 4 | പി.കെ.കോശി<br>പ്രസിഡൻറ്<br>IPC ഫെയ്ത്ത്സെൻറർ<br>ചെങ്ങന്നൂർ<br>9447596207/9400456170 | ചെങ്ങന്നൂർ<br>289/13, 289/16 | ചുറ്റുമതിൽ, ഗേറ്റ്, കലുങ്ക് |
| 5 | പി.കെ.കോശി & ചിന്നമ്മ കോശി<br>പഴങ്ങേരിൽ ഫെയ്ത്ത്ഹൗസ്<br>കീഴ്ച്ചേരിമേൽ, ചെങ്ങന്നൂർ<br>9447596207/9400456170 | ചെങ്ങന്നൂർ<br>289/12 | വാടകക്ക് നൽകിയിരിക്കുന്ന വീട്, ചുറ്റുമതിൽ, ഗേറ്റ്,കിണർ |
| 6 | റോണി വർഗീസ്<br>കല്ലുഴത്തിൽ<br>നേതാജി റോഡ്, ചെങ്ങന്നൂർ<br>9995180281 | ചെങ്ങന്നൂർ<br>220/9, 220/18 | തെങ്ങ് 2 |
| 7 | ഉഷാദേവി പി.<br>പദ്മവിലാസം<br>കീഴ്ചേരിമേൽ,ചെങ്ങന്നൂർ<br>9633083445/9747178582 | ചെങ്ങന്നൂർ<br>220/15 | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 4, കവുങ്ങ് 2, തേക്ക് 1 |
| 8 | പാർത്ഥസാരഥി. ആർ<br>മണിമല വീട്<br>ആറാട്ടുപുഴ<br>9495816064/8714417367 | ചെങ്ങന്നൂർ | കടയുടെ പാർക്കിങ്ങ് സ്ഥലം, അരമതിൽ |
| 9 | വേണുഗോപാൽ ഡി.<br>തേക്കുംകാട്ടിൽ മലയിൽ<br>കീഴ്ച്ചേരിൽ,ചെങ്ങന്നൂർ<br>9400240978/8547894559 | ചെങ്ങന്നൂർ<br>275/2 | |
| 10 | വിജയകുമാരി ടി.<br>പദ്മാലയം | ചെങ്ങന്നൂർ | തെങ്ങ്, തേക്ക്, പ്ലാവ് |

| | | | |
|---|---|---|---|
| | കീച്ചേരിമേൽ,ചെങ്ങന്നൂർ<br>9446903116 | 218/17 | |
| 11 | കെ.പി.എം.എസ്.ഓഫീസ്<br>കീച്ചേരിമേൽ,ചെങ്ങന്നൂർ | ചെങ്ങന്നൂർ | കെട്ടിടം ചെറിയതോതിൽ |
| 12 | ജോസഫ് ഒ.ജെ.<br>ഉറുവഞ്ചിയിൽ<br>പുത്തൻകാവ് പി.ഒ.,ചെങ്ങന്നൂർ<br>9847051263 | ചെങ്ങന്നൂർ | തെങ്ങ് 6, തേക്ക് 15 |
| 13 | തോമസ് മാത്യു (Late)<br>ഐവി സൂസൻ തോമസ്,<br>ടോണി മാത്യു തോമസ്, റ്റിറ്റി<br>മാത്യു തോമസ് | ചെങ്ങന്നൂർ | |
| 14 | ഗോപാലകൃഷ്ണൻ നായർ<br>പ്രശാന്ത്<br>കീഴ്ച്ചേരിമേൽ,ചെങ്ങന്നൂർ<br>9400455943/8096094191 | ചെങ്ങന്നൂർ<br><br>289/7 | തെങ്ങ് 8, തേക്ക് 2, മഹാഗണി 2, പ്ലാവ് 2, പുളി 3, ആഞ്ഞിലി 2 |
| 15 | അബ്രഹാം മാത്യു & ഏലിയാമ്മ<br>അബ്രഹാം<br>പുത്തൻ പീടികയിൽ<br>നേതാജി റോഡ്,ചെങ്ങന്നൂർ<br>9847368393 | ചെങ്ങന്നൂർ | |
| 16 | ജോർജ് ജോൺ<br>പ്ലാമൂട്ടിൽ ഹൗസ്<br>അങ്ങാടിക്കൽ പുത്തൻകാവ്<br>പി.ഒ., ചെങ്ങന്നൂർ<br>7902864205 | ചെങ്ങന്നൂർ | തെങ്ങ് 20 |
| 17 | ദിനേശ് & ഗീത<br>ചെരുവിൽകിഴക്കേതിൽ<br>കീഴ്ച്ചേരിമേൽ, ചെങ്ങന്നൂർ<br>9562674964 | ചെങ്ങന്നൂർ | വീട് |
| 18 | രാജേന്ദ്രൻ കെ.കെ.<br>8848823754 | ചെങ്ങന്നൂർ | കിണർ |
| 19 3 | എബ്രഹാം മാത്യു<br>റോബിൻ വില്ല<br>നങ്കഴ,ചെങ്ങന്നൂർ<br>8086116257 | 246/8<br>ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ്, വാഴ |
| 20 | ഫിലിപ്പ് വർഗീസ്<br>ഫിലിപ്പ് വില്ല<br>നങ്കഴ, അങ്ങാടി തെക്ക് പി.ഒ.<br>ചെങ്ങന്നൂർ, 9961718624 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 4 |
| 21 | സാമുവൽ ചാക്കോ<br>കണ്ടത്തിൽ പറമ്പിൽ<br>അങ്ങാടിക്കൽ സൗത്ത് പി.ഒ.<br>ചെങ്ങന്നൂർ | ചെങ്ങന്നൂർ<br>246/6-2 | ചുറ്റുമതിൽ, ഗേറ്റ്, മാവ് |

| | | | |
|---|---|---|---|
| | 9961675246/9544156425 | | |
| 22 | പി.യു.തോമസ്<br>പള്ളിത്താഴയിൽ ഹൗസ്<br>ചെങ്ങന്നൂർ<br>9656000060 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ് |
| 23 | സാറാമ്മ മാർക്കോസ്<br>കളത്തറയിൽ ഹൗസ്<br>കുട്ടമ്പേരൂർ, ചെങ്ങന്നൂർ<br>9744778065 | ചെങ്ങന്നൂർ<br>0/550 | |
| 24 | കുഞ്ഞുമോൻ<br>കളത്തറയിൽ ഹൗസ്<br>കുട്ടമ്പേരൂർ, ചെങ്ങന്നൂർ<br>9605622742 | ചെങ്ങന്നൂർ | |
| 25 | സുധീഷ്<br>കോട്ടക്കകത്ത് ഉഴത്തിൽ<br>തിട്ടമേൽ, ചെങ്ങന്നൂർ<br>7902474655 | ചെങ്ങന്നൂർ<br>0/600 | ചുറ്റുമതിൽ,ഗേറ്റ്, വാഴ 13, ചെറി, പേര 2, പ്ലാവ്, മാവ് |
| 26 | എൻ.വി.വർഗീസ്<br>നാവുങ്കഴമൊടിയിൽ<br>അങ്ങാടിക്കൽ സൗത്ത്<br>ചെങ്ങന്നൂർ<br>9544458523/9702835656 | ചെങ്ങന്നൂർ<br>376/4, 8, 9, 10 | കട (ഭാഗികം) |
| 27 | ഗോപാലകൃഷ്ണ പിള്ള<br>കണ്ടത്തിപറമ്പിൽ,ചെങ്ങന്നൂർ<br>9605042687 | 0/870<br>ചെങ്ങന്നൂർ | ചുറ്റുമതിൽ, കോഴി ഫാം, കിണർ |
| 28 | സെൻറിൽ വി.ജെ.<br>വെണ്ണാടപറമ്പിൽ<br>മേലേപ്പുറം, പുത്തൻകാവ് പി.ഒ<br>9995070032 | 0/980<br>ചെങ്ങന്നൂർ | |
| 29 | ആൽവിൻ & എബി തോമസ്<br>മൂന്നുതൈക്കൽ, ചെങ്ങന്നൂർ<br>9656198910 | ചെങ്ങന്നൂർ | മഹാഗണി 2, പ്ലാവ് 3 |
| 30 | ബിനു.പി.ജോൺ & ബിനു സി.ജോൺ<br>പാലത്ര കിഴക്കേതിൽ<br>തിടലമേൽ,<br>ചെങ്ങന്നൂർ<br>8157081638 | ചെങ്ങന്നൂർ | മഹാഗണി 3, പ്ലാവ് 2, കവുങ്ങ് 5, തെങ്ങ് 4 |
| 31 | രതീഷ് ഗംഗാധരൻ<br>മരോട്ടിമൂട്ടിൽ ഹൗസ്<br>വലിയകുളങ്ങര ചെങ്ങന്നൂർ<br>8547111275 | 538<br>പുളിയൂർ | ചുറ്റുമതിൽ, തെങ്ങ് 5, മാവ് 1 |

| | | | |
|---|---|---|---|
| 32 | ജേക്കബ്<br>ആനാടത്തിൽ ഹൗസ്<br>പെരിശ്ശേരി, ചെങ്ങന്നൂർ<br>9447457445 | പുളിയൂർ | ചുറ്റുമതിൽ, സെപ്റ്റിക് ടാങ്ക്, കിണർ, തെങ്ങ് 6, കവുങ്ങ്, ജാതി, പ്ലാവ്, പുളി |
| 33 | ഹരികുമാർ കെ.കെ.<br>കൊലശേരിൽ ഹൗസ്<br>പെരിശേരി, ചെങ്ങന്നൂർ<br>9446617077 | പുളിയൂർ | ശൗചാലയം, പുളി 2, പ്ലാവ് 1 |
| 34 | സജി വർഗീസ്<br>തെക്കേവേളവന്നൂർഹൗസ്<br>പെരിശേരി, ചെങ്ങന്നൂർ<br>7510230227 | പുളിയൂർ | പുളി 1, പ്ലാവ് 1 |
| 35 | സജീവ് കുമാർ ആർ.കെ.<br>എളമണ്ണുചിത്തിര ഹൗസ്<br>പെരിശേരി, ആല പി.ഒ<br>ചെങ്ങന്നൂർ, 7736012371 | പുളിയൂർ | റബ്ബർ കൃഷി, തെങ്ങ് 10, തേക്ക് 35 |
| 36 | തങ്കമണിയമ്മ<br>കൈപ്പിള്ളിൽ ഹൗസ്<br>പെരിശേരി, ആല പി.ഒ<br>ചെങ്ങന്നൂർ<br>9446617510 | പുളിയൂർ | |
| 37 | മോഹനകുമാർ<br>കൈപ്പിള്ളിൽ ഹൗസ്<br>പെരിശേരി, ആല പി.ഒ<br>ചെങ്ങന്നൂർ<br>9446617510 | പുളിയൂർ | |
| 38 | ചിഞ്ചു അനൂപ്<br>കിണറ്റുകര പീടിക<br>അങ്ങാടിക്കൽ സൗത്ത്<br>ചെങ്ങന്നൂർ<br>7034567764 | പുളിയൂർ | പശുഫാം, കോഴിഫാം |
| 39 | രാജീവ് ആർ.<br>നടുവേലിൽ ഹൗസ്<br>പെരിശേരി, ചെങ്ങന്നൂർ<br>9447596361 | പുളിയൂർ | |
| 40 | രേഖ റെജി<br>മാളുഭവനം<br>അങ്ങാടിക്കൽ സൗത്ത്<br>ചെങ്ങന്നൂർ<br>9744563307 | പുളിയൂർ<br>375/5-5 | തെങ്ങ്, നെൽകൃഷി |
| 41 | തോമസ് വർഗീസ്<br>കൊക്കപറമ്പിൽ ഹൗസ്<br>അങ്ങാടിക്കൽ സൗത്ത്<br>ചെങ്ങന്നൂർ | പുളിയൂർ<br>377/8 | |

| | | | |
|---|---|---|---|
| | 9961719424 | | |
| 42 | പ്രസാദ് വർക്കി<br>പ്രസാദ് കോളേജ്<br>ചെങ്ങന്നൂർ<br>9447566892 | പുളിയൂർ<br>395/6, 395/9 | |
| 43 | ജോൺ പി.എ. (ബാബു)<br>പള്ളിമലയിൽ ഹൗസ്<br>ചെങ്ങന്നൂർ<br>9745596264 | പുളിയൂർ<br>376/6-1 | |
| 44 | ഫിലിപ്പ് ജോൺ (യോഹന്നാൻ പോത്തൻ)<br>പുന്നാട്ട് ഹൗസ് (പുല്ലങ്കേരിൽ)<br>ചെങ്ങന്നൂർ<br>9497177047 | പുളിയൂർ<br>377/5 | |
| 45 | റെജി തോമസ്<br>കൈമൂട്ടിൽ ഹൗസ്<br>പുത്തൻ തെരുവ്<br>ചെങ്ങന്നൂർ<br>9846579151<br>മഹേശ്വരൻ ടി.ജെ.,<br>തോണ്ടതറയിൽ ഹൗസ്<br>ചെറിയകാട് പി.ഒ.<br>ചെങ്ങന്നൂർ<br>9446918372<br>എം.കെ.ചെറിയാൻ,<br>മലയിൽ അയിരുകുഴിയിൽ<br>ഷിബി ഭവൻ<br>അങ്ങാടിക്കൽ സൗത്ത് പി.ഒ.<br>ചെങ്ങന്നൂർ<br>ഡിലൈറ്റ്.ജെ.വെട്ടിക്കാടൻ<br>വെട്ടിക്കാട്ട് കടത്താനത്ത് ഹൗസ്<br>അങ്ങാടിക്കൽ<br>ചെങ്ങന്നൂർ | ചെങ്ങന്നൂർ<br><br>245/4 | തെങ്ങ് 5, കരിങ്കൽകെട്ട്, ചുറ്റുമതിൽ, കുളം, തെങ്ങ് 5, ആഞ്ഞിലി, തേക്ക് 3, വാഴ 20 |
| 46 | ഷേർളി സാം മത്തായി<br>എയ്ഞ്ചൽ വില്ല, മുണ്ടൻകാവ്<br>ചെങ്ങന്നൂർ,9656798798 | പുളിയൂർ | |
| 47 | ചെറിയാൻ ഡാനിയേൽ<br>ചേറ്റുവള്ളിൽ, പേരിശേരി<br>ചെങ്ങന്നൂർ<br>9961781527 | പുലിയൂർ<br>251/3 | |
| 48 | ഡനിയേൽ എം.ഏലിയാസ്<br>മുളംകാട്ടിൽ ഹൗസ്<br>മുണ്ടൻകാവ് | ചെങ്ങന്നൂർ<br>72/1 | ഗേറ്റ്, തെങ്ങ് 2 |

| | | | |
|---|---|---|---|
| 49 | അനിൽകുമാർ<br>സായിഭവൻ, കണ്ണങ്ങാട്ട്<br>മുണ്ടൻകാവ്<br>9867610143 | ചെങ്ങന്നൂർ | |
| 50 | ഗീവർഗീസ്<br>പുളിമൂട്ടിക്കട്ടിൽ<br>ഹാച്ചറി ജംഗ്ഷൻ, ചെങ്ങന്നൂർ<br>9447424679 | ചെങ്ങന്നൂർ | |
| 51<br>4 | ഷൈജു രാജ് & രശ്മി ഷാജു<br>ഷൈജു ഭവൻ<br>തോട്ടിയാട്, ചെങ്ങന്നൂർ<br>9562351717 | പുളിയൂർ | തൈതെങ്ങ് 2 |
| 52 | ആദർശ് നായർ & അശ്വതി നായർ<br>പടിഞ്ഞാറേ മഠം, ചെങ്ങന്നൂർ<br>9891309616/8377882110 | ചെങ്ങന്നൂർ | കടകൾ (ഭാഗികം) |
| 53 | ശോഭ & വിജയകുമാർ<br>പൗർണ്ണമി, മുണ്ടൻ കാവ്<br>ചെങ്ങന്നൂർ<br>9847050678 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ്, തേക്ക് |
| 54 | ബിന്ദു അരവിന്ദൻ<br>കൊച്ചുകലീക്കൽ<br>ചെങ്ങന്നൂർ<br>9847418586 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ് |
| 55 | മറിയാമ്മ ജോർജ് മാത്യു<br>പഴവന വീട്<br>മുണ്ടൻകാവ്, ചെങ്ങന്നൂർ | ചെങ്ങന്നൂർ | ചുറ്റുമതിൽ |
| 56 | പരമേശ്വര പ്രസാദ്<br>കൊച്ചുമഠം<br>മുണ്ടൻകാവ്,ചെങ്ങന്നൂർ<br>9744077059 | ചെങ്ങന്നൂർ<br>6/9, 6/9-1 | ചുറ്റുമതിൽ, ഗേറ്റ്, പ്ലാവ്, നെല്ലി, തൈപ്ലാവ് |
| 57 | ജോസഫ് ഫിലിപ്പ് (Late)<br>ഒറ്റത്തെങ്ങിൽ ഹൗസ്<br>മുണ്ടൻകാവ്,ചെങ്ങന്നൂർ<br>9447402963 | ചെങ്ങന്നൂർ<br>6/12 | ചുറ്റുമതിൽ, തെങ്ങ്, പ്ലാവ് 5, ആഞ്ഞിലി, തേക്ക്, കുരുമുളക് |
| 58 | വത്സ അലക്സാണ്ടർ,<br>അരുൺ അലക്സാണ്ടർ,<br>കവിത അലക്സാണ്ടർ,<br>ഷീല അലക്സാണ്ടർ<br>9387817987 | 269/2-6<br>പുളിയൂർ | |
| 59 | കമലമ്മ രാജൻ<br>മങ്കുഴി ചാലിൽ<br>പേരിശേരിമുറി,പുലിയൂർ<br>9447132766 | 251/2<br>പുലിയൂർ | |

| | | | |
|---|---|---|---|
| 60 | ജേക്കബ് മാത്യു<br>ചെപ്പാലത്തറയിൽ<br>മുണ്ടൻകാവ്, ചെങ്ങന്നൂർ<br>8547018694 | ചെങ്ങന്നൂർ | ചുറ്റുമതിൽ, കാർപോർച്ച്, തെങ്ങ് 3, പ്ലാവ് 3, ചാമ്പ 2, ജാതി 2, മാവ് 1 |
| 61 | സി.സി.ഐസക്<br>റോയ് പാലസ്<br>ചെപ്പാലത്തറയിൽ<br>മുണ്ടൻകാവ്, ചെങ്ങന്നൂർ പി.ഒ.<br>9004848105 | ചെങ്ങന്നൂർ | കട, തൊഴുത്ത്, തെങ്ങ് 9, മാവ്, പ്ലാവ്, തേക്ക് 2, ആഞ്ഞിലി, പുളി, വട്ട |
| 62 | ജേക്കബ് ഫിലിപ്പ് & സാറാമ്മ ഫിലിപ്പ്<br>പൂവത്തൂർ, മുണ്ടൻകാവ്<br>ചെങ്ങന്നൂർ<br>9747542676 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ബയോഗ്യാസ് പ്ലാൻറ്, പ്ലാവ് 2, തെങ്ങ് 7, കവുങ്ങ് 7, പപ്പായ 6, ജാതി 3, പാഴ്മരങ്ങൾ 8 |
| 63 | തോമസ് ലീ<br>മാമ്പഴക്കാട്ടിൽ<br>മുണ്ടൻകാവ്, ചെങ്ങന്നൂർ<br>7025899398 | ചെങ്ങന്നൂർ<br>52/2 | കമ്പിവേലി, പ്ലാവ് 3, മാവ് 2, തെങ്ങ് 10, ആഞ്ഞിലി 2 |
| 64 | തോമസ് ഉമ്മൻ<br>മാമ്പഴക്കാട്ടിൽ<br>മുണ്ടൻകാവ്, ചെങ്ങന്നൂർ<br>7025899398 | ചെങ്ങന്നൂർ<br>52/2-1 | ചുറ്റുമതിൽ, ഗേറ്റ് |
| 65 | സുരേഷ് മാത്യു<br>പുതിയോട്ട് പടവിൽ<br>ചെങ്ങന്നൂർ, 9567689809 | ചെങ്ങന്നൂർ | കമ്പിവേലി, ആഞ്ഞിലി, പറങ്കിമാവ്, മുളകൾ |
| 66 | ജോസഫ് ചാക്കോ & ഷേർളി ജോസഫ്<br>മുണ്ടൻ കാവ്, കരുവേലിപ്പടി<br>ചെങ്ങന്നൂർ, 9061546994 | ചെങ്ങന്നൂർ | തെങ്ങ് |
| 67 | ജോസഫ് ജോൺ<br>പൂവത്തൂർ തോപ്പിൽ<br>മുണ്ടൻകാവ്<br>9539998100 | ചെങ്ങന്നൂർ<br>51/6 | വീട് (പൂർണ്ണം), സെപ്റ്റിക് ടാങ്ക്, കിണർ, തെങ്ങ്, പ്ലാവ്, മാവ്, കവുങ്ങ് |
| 68 | സോമൻ കെ.എൻ.<br>കൊച്ചുകളിയിക്കൽ<br>പുത്തൻ വീട്, ചെങ്ങന്നൂർ<br>9961219906 | ചെങ്ങന്നൂർ<br>32/10 | വീട് (ചെറിയ തോതിൽ), ചുറ്റുമതിൽ, ഗേറ്റ്, വേപ്പ് |
| 69 | വിജയകുമാർ & ശോഭ<br>പൗർണമി, മുണ്ടൻ കാവ്<br>ചെങ്ങന്നൂർ<br>9847709241 | ചെങ്ങന്നൂർ<br>32 | ചുറ്റുമതിൽ, ഗേറ്റ്, തേക്ക് 2, തെങ്ങ് 2, വാഴ |
| 70 | എബ്രഹാം വലമ്പത്ത്<br>അങ്ങാടിക്കൽ, ചെങ്ങന്നൂർ<br>9003051886 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 5, മാഞ്ചിയം |

| | | | |
|---|---|---|---|
| 71 | സാജു കെ.ബി.<br>കളത്തറയിൽ<br>തിട്ടമേൽ, ചെങ്ങന്നൂർ<br>9961281537 | ചെങ്ങന്നൂർ<br>244/8-1 | ചുറ്റുമതിൽ, ഗേറ്റ്, മാവ്, പേര |
| 72 | ഐസക് തോമസ്<br>മാമ്പഴതോട്ടിൽ<br>മുണ്ടൻകാവ്<br>9946788243 | ചെങ്ങന്നൂർ<br>52/3, 52/3-2,<br>52/3-3 | ചുറ്റുമതിൽ, ഗേറ്റ്, തെങ്ങ് 4, ജാതി, മാവ്, ആഞ്ഞിലി, വട്ട, വാഴ, കണിക്കൊന്ന |
| 73 | പി.സി.ജോൺ<br>വാങ്കറുമ്പിൽ ഹൗസ്<br>രാജ് വില്ല, മുണ്ടൻകാവ്<br>944619306 | ചെങ്ങന്നൂർ | വീടിൻെറ മുൻവശം ചെറിയ തോതിൽ, ഫാക്ടറി ചെറിയതോതിൽ, തെങ്ങ് 15, വാഴ 25, പ്ലാവ്,ആഞ്ഞിലി, വാഴ 25 |
| 74 | ജോർജ് ജോസഫ്<br>പുതിയോട് തോട്ടത്തിൽ<br>മുണ്ടൻകാവ്<br>9745967854 | ചെങ്ങന്നൂർ<br>57/10,<br>247/16 | ചുറ്റുമതിൽ, ഗേറ്റ് |
| 75 | വർഗീസ് ജോൺ<br>കൊച്ചുപ്ലാവ് നിൽക്കുന്നതിൽ<br>മുണ്ടൻകാവ്<br>9605406147 | ചെങ്ങന്നൂർ<br>56 | വീടും അനുബന്ധ സൗകര്യങ്ങളും പൂർണ്ണം, കുടിയൊഴിയൽ |
| 76 | രാജീവ്.എസ്.പിള്ള<br>കണ്ണങ്ങാട്ട് പടിഞ്ഞാറേതിൽ<br>മുണ്ടൻകാവ്, 9496110998 | ചെങ്ങന്നൂർ | വീട്ടിലേക്കുള്ള വഴി |
| 77 | അബി ഈപ്പൻ<br>കപ്പശേരിൽ, മുണ്ടൻകാവ്<br>9446170936 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ്, മരങ്ങൾ (തെങ്ങ്, മാവ്, പ്ലാവ്, പുളി) |
| 78 | തോമസ് മാത്യു<br>ഏമാൻതോപ്പിൽ ഹൗസ്<br>മുണ്ടൻകാവ്<br>9447908669 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ് |
| 79 | മേരി തോമസ്<br>ഏമാൻതോപ്പിൽ ഹൗസ്<br>മുണ്ടൻകാവ്<br>7736840541 (ജോർജ്കുട്ടി) | ചെങ്ങന്നൂർ<br>38/14 | ചുറ്റുമതിൽ, ഗേറ്റ് |
| 80 | അന്നമ്മ ജേക്കബ്<br>ഏമാൻ തോപ്പിൽ ഹൗസ്<br>മുണ്ടൻകാവ്<br>7736840541 (ജോർജ്കുട്ടി) | ചെങ്ങന്നൂർ<br>38/4-1 | ചുറ്റുമതിൽ, ഗേറ്റ് |
| 81 | എം.കെ.ചാക്കോ (Late)<br>കഴുത്തറയിൽ ഹൗസ്<br>മുണ്ടൻ കാവ്<br>9207379630 | ചെങ്ങന്നൂർ<br>57/25, 57/26 | ചുറ്റുമതിൽ, പറങ്കി മാവ്, പ്ലാവ്, കവുങ്ങ് 6, ആഞ്ഞിലി, തെങ്ങ് 2 |

| | | | |
|---|---|---|---|
| 82 | തോമസ് ജോൺ<br>കൊച്ചുപ്ലാവ് നിൽക്കു ന്നതിൽ<br>മുണ്ടൻകാവ്<br>9605107239/7510378421 | ചെങ്ങന്നൂർ | കിണർ, മഹാഗണി, മാവ്, പ്ലാവ്, പൂവരശ് |
| 83 | പ്രസാദ്<br>ചക്കാലയിൽ തച്ചുംപറമ്പിൽ<br>മുണ്ടൻകാവ്<br>9656850814 (ശോശാമ്മ) | ചെങ്ങന്നൂർ | കമ്പിവേലി, തെങ്ങ് |
| 84 | ജഗദമ്മ പുരുഷോത്തമൻ<br>വലിയകണ്ണങ്ങാട്ട് ഹൗസ്<br>മുണ്ടൻകാവ്<br>9744764615 (രാജേഷ്) | ചെങ്ങന്നൂർ<br>29/7, 29/8,<br>29/14 | പ്രതിഷ്ഠാസ്ഥലം, പത്തായപുര |
| 85 | ചാക്കോ അലക്സാണ്ടർ<br>"പ്രശാന്ത്"<br>മുണ്ടൻ കാവ്<br>9961327134 (ജേക്കബ് അലക്സ്) | ചെങ്ങന്നൂർ<br>6/10, 6/11 | ചുറ്റുമതിൽ, ഗേറ്റ്, പ്ലാവ്, തെങ്ങ് |
| 86 | ജോൺ.എ. & ജോയമ്മ ജോൺ<br>ആനന്താനത്ത്, മുണ്ടൻകാവ്<br>9847175286 | ചെങ്ങന്നൂർ<br>30/13-1, 30/14 | കെട്ടിടത്തിൻെറ മുൻവശത്തെ ഷീറ്റിട്ട ഭാഗം |
| 87 | തോമസ് വർഗീസ്<br>ഇറപ്പുഴ, കണ്ണങ്ങാട്ട് ഹൗസ്,<br>മുണ്ടൻ കാവ്<br>9544002137/9633038823 | ചെങ്ങന്നൂർ<br>38/7 | വാടകക്ക് നൽകിയിരിക്കുന്ന കെട്ടിടം പൂർണ്ണമായ് |
| 88 | ത്രേസ്യാമ്മ ജോർജ്<br>കൊച്ചുകുളഞ്ഞികൊമ്പിൽ<br>മുണ്ടൻ കാവ്, 9446067307 | ചെങ്ങന്നൂർ<br>51/7-1-3 | ചുറ്റുമതിൽ,ഗേറ്റ്, ഗ്രാനൈറ്റിട്ട മുറ്റം, പൂന്തോട്ടം, പൂന്തോട്ടത്തിൻെറ ചുറ്റുമതിൽ, 2 ലൈറ്റ് |
| 89 | സാമുവേൽ സാമുവേൽ<br>ചിറമേൽ, മുണ്ടൻകാവ്<br>9446545978 | ചെങ്ങന്നൂർ<br>51/6-3-2 | കിണർ, വാഴ 30, മാവ് 1 |
| 90 | ശശി<br>ഓതറേത്ത് ഹൗസ്<br>മുണ്ടൻ കാവ്<br>ചെങ്ങന്നൂർ<br>9947648458 | ചെങ്ങന്നൂർ | ചുറ്റുമതിൽ,ഗേറ്റ് |
| 91 | ബീന വർഗീസ്<br>ചേരാപുരത്ത് ഹൗസ്<br>പണ്ടനാട് വെസ്റ്റ്<br>ചെങ്ങന്നൂർ<br>9447768025 | ചെങ്ങന്നൂർ<br>38 | ഷീറ്റിട്ട ആക്രി കടയുടെ മുൻ വശം ചെറിയ തോതിൽ, ചുറ്റു മതിൽ, തേക്ക് 2, തെങ്ങ് 4, മാവ്, ഈട്ടി, മഹാഗണി, വാഴ 5 |
| 92 | ഡാനിയേൽ ജോർജ്<br>പൂതിയോട്ടുതോട്ടത്തിൽ | ചെങ്ങന്നൂർ<br>57/12 (നിലം) | തെങ്ങ്, ആഞ്ഞിലി, മഹാഗണി |

| | | | |
|---|---|---|---|
| | പെരിശേരി<br>ചെങ്ങന്നൂർ<br>9446712064 | 57/9-1<br>(പുരയിടം | |
| | | 242/13 | ചുറ്റുമതിൽ, തെങ്ങ്, ആഞ്ഞിലി |
| 93 | ഏലിയാമ്മ ജോസഫ്<br>പൂവത്തൂർ തോപ്പിൽ<br>മുണ്ടൻകാവ്, ചെങ്ങന്നൂർ | ചെങ്ങന്നൂർ<br>38/38 | തേക്ക്, പ്ലാവ് |
| 94 | എം.എം.ഉമ്മൻ<br>മാപ്പിളവീട്ടിൽ<br>പേരിശേരി, ചെങ്ങന്നൂർ<br>7012797902/7012241213 | പുലിയൂർ | കിണർ, ചുറ്റുമതിൽ, ഗേറ്റ്,<br>തെങ്ങ് |
| 95 | ഫ്രാൻസിസ് അബ്രഹാം<br>ഉഴത്തിൽ ഹൗസ്, മുണ്ടൻകാവ്<br>9495054719 | ചെങ്ങന്നൂർ | ചുറ്റുമതിൽ, ഗേറ്റ് |
| 96 | ഒ.സി. അബ്രഹാം<br>ഉഴത്തിൽ ഹൗസ്<br>മുണ്ടൻ കാവ്<br>9656682544 | ചെങ്ങന്നൂർ<br>56/11 | |
| 97 | കെ.ജി.തോമസ് (Late)<br>കല്ലൻ പറമ്പിൽ<br>ഏരിശേരി, ചെങ്ങന്നൂർ<br>9447935365 | പുലിയൂർ | വീട് (ചെറിയതോതിൽ) |
| 98 | ഉണ്ണികൃഷ്ണൻ.സി.<br>കൊച്ചുമഠം<br>മുണ്ടൻ കാവ്, ചെങ്ങന്നൂർ<br>9947358540 | ചെങ്ങന്നൂർ<br>6/8 | ചുറ്റുമതിൽ,<br>കട(ചെറിയതോതിൽ) |
| 99 | വർഗീസ് മത്തായി<br>കണ്ണങ്ങാട്ട് ഹൗസ്,<br>മുണ്ടൻ കാവ്<br>7736680073 | ചെങ്ങന്നൂർ | |